മി. സ്പീക്കർ: ഓർഡർ....ഓർഡർ...., വളരെ പ്രത്യേകമായ ഒരു സാഹചര്യത്തിലാണ് നിയമസഭ ഇന്ന് സമ്മേളിക്കാൻ തീരുമാനിച്ചിരിക്കുന്നത്. വളരെ അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയവുമായതുകൊണ്ട് എല്ലാ നിയമസഭാ സാമാജികരെയും വിവരങ്ങൾ സമയബന്ധിതമായി അറിയിക്കാൻ കഴിയാതെ പോയിട്ടുണ്ട്. എങ്കിലും ഈ വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന എല്ലാ സാമാജികരെയും ആദ്യമായി അഭിനന്ദിക്കുകയാണ്, നന്ദി അറിയിക്കുകയാണ്. നമ്മുടെ ഭരണഘടന നാം തന്നെ ചർച്ച ചെയ്തുണ്ടാക്കിയ രാഷ്ട്രീയവും സാംസ്കാരികവുമായ അന്തഃസത്തയുടെ ഉള്ളടക്കമാണ്. ആ ഭരണഘടനയുടെ വായന വളരെ പ്രധാനമായിത്തീരുകയും അതുതന്നെ ഒരു രാഷ്ട്രീയപ്രവർത്തനമായി മാറുകയും ചെയ്യുന്ന നിർബന്ധിതമായ സാഹചര്യത്തിലേയ്ക്കാണ് നമ്മുടെ രാജ്യം ഇന്ന് എത്തിയിരിക്കുന്നതെന്നുള്ളത് കാണാതെ പോകാൻ കഴിയില്ല. ഇന്ത്യയെന്ന ആശയം ശക്തിപ്പെടുന്നത് "കർഷകരുടെ കുടിലുകളിലാണ് ഇന്ത്യ ജീവിക്കുന്നത്" എന്ന രാഷ്ട്രപിതാവിന്റെ വിഖ്യാതമായ വാചകത്തിലൂടെയാണ്. അരി തന്നാൽ നമുക്ക് ഭക്ഷിക്കാൻ സാധിക്കും, അരിയുണ്ടാക്കാൻ പഠിച്ചാൽ

എല്ലാ ദിവസവും ഭക്ഷിക്കാമെന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തി. അങ്ങനെ സ്വയം കൃഷിക്കാരനാണെന്ന് പ്രഖ്യാപിച്ച് കാർഷിക സമൂഹത്തിന്റെ പ്രാതിനിധ്യം അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. ഇന്ത്യയുടെ ഏറ്റവും ശക്തമായ അടിത്തറ കാർഷിക സമൂഹത്തിന്റെ കരുത്തും തേജസ്സും ചേതനയുമാണ്. കർഷകന്റെ കണ്ണീരിൽ കുതിർന്ന ഒരു നാടിന്, ഇന്ത്യയ്ക്ക് ഒരിക്കലും ജീവശ്വാസമുണ്ടാകാൻ സാധ്യതയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇന്ന് സമാനതകളില്ലാത്ത ഒരു സമരമാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള പതിനായിരക്കണക്കിന് വരുന്ന കൃഷിക്കാർ അവരുടെ ഉൽപ്പന്നങ്ങളുടെ ന്യായവിലയെ സംബന്ധിച്ചും താങ്ങുവിലയെ സംബന്ധിച്ചുമുള്ള ആശങ്കയിൽ ആഴ്ചകളോളമായി കൊടുംതണുപ്പിൽ തെരുവിൽ സമരം നടത്തുന്ന ഒരു പശ്ചാത്തലത്തിൽക്കൂടിയാണ് നമ്മൾ ഈ സമ്മേളനം ചേരുന്നത്. തീർച്ചയായും ഇന്ത്യ എന്ന ആശയത്തിന്റെ കരുത്തുറ്റ അടിത്തറയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ഈ പ്രക്ഷോഭത്തിൽ നമ്മുടെ ഭരണഘടനയുടെ സുവ്യക്തമായ അനുച്ഛേദങ്ങൾ 245-ഉം 246-ഉം

മുന്നോട്ടുവയ്ക്കുന്ന ഫെഡറൽ ശക്തിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ നടത്തിക്കൊണ്ടും ചേരുന്ന ഈ നിയമസഭാ സമ്മേളനം അങ്ങേയറ്റം പ്രസക്തമാണ്. കേരള നിയമസഭ എല്ലാ സന്ദർഭങ്ങളിലും സ്വീകരിച്ചിട്ടുള്ള നിശ്ചയദാർഢ്യത്തോടുകൂടിയുള്ള ഈ നീക്കത്തിന് ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ടാകുമെന്ന് കണ്ടുകൊണ്ട് ഇതിനോട് സഹകരിച്ച എല്ലാവരോടും ഒരിക്കൽക്കൂടി നന്ദി അറിയിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാർഷികവിരുദ്ധ നിയമങ്ങൾ കേന്ദ്ര സർക്കാർ റദ്ദാക്കണമെന്നത് സംബന്ധിച്ച പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആമുഖമായി അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായും യോജിക്കുന്നു.

രാജ്യതലസ്ഥാനം കർഷകരുടെ ഐതിഹാസികമായ പോരാട്ടത്തിന് സാക്ഷ്യം വഹിക്കുകയാണ്. സമീപകാലത്തെങ്ങും ദൃശ്യമാകാത്ത വലിയ ഇച്ഛാശക്തി ഈ പ്രതിഷേധത്തിന് പിന്നിലുണ്ട്.

കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത, കോർപ്പറേറ്റ് അനുകൂല, കർഷകവിരുദ്ധ നിയമങ്ങളായ The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act 2020, The Farmers' Produce Trade and Commerce (Promotion and Facilitation) Act, 2020, The Essential Commodities (Amendment) Act, 2020 എന്നിവയ്ക്കെതിരെയാണ് കർഷകരോഷം ഇരമ്പുന്നത്. ഡൽഹിയിലെ അതിശൈത്യത്തെ നേരിട്ടാണ് കർഷകർ ഈ മഹാസമരത്തിൽ അണിചേരുന്നത്. 35 ദിവസത്തെ സമരത്തിനിടയിൽ 32 കർഷകർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

കൊവിഡ്-19 വ്യാപനത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് നമ്മുടെ രാജ്യം. ഈ സാഹചര്യത്തിൽ ജനരോഷം ക്ഷണിച്ചുവരുത്തുന്ന നിയമനിർമ്മാണ നടപടിയിലേയ്ക്ക് ഗവൺമെന്റ് കടക്കേണ്ടതില്ലായിരുന്നു.

ചില നിയമനിർമ്മാണങ്ങൾ അത് ബാധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽ വലിയ ആശങ്കയും സംശയവും ജനിപ്പിക്കുമ്പോൾ നിയമനിർമ്മാണ സഭകൾക്ക് അത് ഗൗരവമായി പരിഗണിക്കാൻ

ബാധ്യതയുണ്ട്.

ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക റിപ്പോർട്ട് പ്രകാരം രാജ്യത്തെ തൊഴിൽശക്തിയുടെ 43.3 ശതമാനം കാർഷിക മേഖലയിലാണ് തങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിക്കുന്നത്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൃഷി ഒരു ഉൽപ്പാദന മേഖല മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ഭാഗംകൂടിയാണ്. അതിനാൽത്തന്നെ കാർഷിക രംഗത്തെ പരിഷ്കരണങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വിഭാവനം ചെയ്ത് നടപ്പാക്കേണ്ടവയാണ്. ഇക്കാര്യത്തിൽ കേരളത്തിന് വിപുലമായ അനുഭവസമ്പത്തുണ്ട്. ഭൂപരിഷ്കരണ നിയമം വിജയകരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. മാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ കാർഷികരംഗത്തെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള മികച്ച ഇടപെടലുകളും കേരളം നടത്തിയിട്ടുണ്ട്.

രാജ്യത്ത് 1960-കളിൽ നടപ്പായ ഹരിതവിപ്ലവത്തിനുശേഷം ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക്

മിനിമം വില ലഭ്യമാക്കാൻ സംവിധാനമൊരുക്കി. എന്നാൽ ചുരുക്കം ചില ഉൽപ്പന്നങ്ങൾക്ക് മാത്രമേ താങ്ങുവില ലഭ്യമാകുന്നുള്ളൂ. രാജ്യത്തെ പല ഭാഗങ്ങളിലും കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയും കർഷക ആത്മഹത്യകളും വലിയ സാമൂഹിക പ്രശ്നങ്ങളായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് കാർഷികവൃത്തി ലാഭകരമായി നടത്താൻ സഹായകമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്.

കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെത്തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവിലപോലും നഷ്ടപ്പെടുമോയെന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്.

കർഷകരുടെ വിലപേശൽശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കുമുന്നിൽ ദുർബലമാകും എന്നതാണ് ഇതിൽ ഉയരുന്ന

ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലില്ല എന്ന് മാത്രവുമല്ല, കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷിയുമില്ല.

കാർഷികോൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർതന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലനിൽക്കേണ്ടത്. അതിനുപകരം കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരമാകെ കോർപ്പറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. കർഷകർക്ക് ന്യായവില ലഭ്യമാക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒഴിഞ്ഞുപോകുകയും ചെയ്യുന്നു.

ഈ സമരത്തിന്റെ പ്രധാന കാരണം, കാർഷികോൽപ്പന്നങ്ങൾക്ക് ഉണ്ടാകാനിടയുള്ള വിലത്തകർച്ചയാണ് എന്നത് വ്യക്തമാണ്. കൊവിഡ്-19 മഹാമാരി ഉണ്ടായിട്ടുകൂടി 2020-21 സാമ്പത്തിക വർഷത്തിലെ നെല്ലിന്റെയും ഗോതമ്പിന്റെയും താങ്ങുവില കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2.9-ഉം 2.6-ഉം ശതമാനമാണ് വർദ്ധിച്ചത്. ഇത് പണപ്പെരുപ്പ

നിരക്കിനെക്കാൾ കുറഞ്ഞതായിരിക്കെ കാർഷികോൽപ്പന്നങ്ങളുടെ ന്യായവിലയെപ്പറ്റി കർഷകർക്കിടയിലുണ്ടായിരിക്കുന്ന വിശ്വാസത്തകർച്ചയ്ക്ക് അടിസ്ഥാനമുണ്ടെന്ന് കാണാൻ കഴിയും.

ഇതോടൊപ്പംതന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമാണ് ഭക്ഷ്യ സുരക്ഷ. സംഭരണത്തിൽ നിന്നും വിതരണത്തിൽ നിന്നും സർക്കാർ പിൻമാറുന്ന അവസ്ഥയുണ്ടാകുമ്പോൾ പൂഴ്ത്തിവെയ്പും കരിഞ്ചന്തയും വർദ്ധിക്കുകയും ഭക്ഷ്യവിതരണവും അതുവഴി ഭക്ഷ്യസുരക്ഷയും അപകടത്തിലാവുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയടക്കമുള്ള അവശ്യസാധനങ്ങൾ ഒഴിവാക്കിയത് സ്ഥിതി കൂടുതൽ വഷളാക്കും.

നിലവിലുള്ള പ്രശ്നങ്ങളുടെ അടിയന്തര സ്വഭാവം വ്യക്തമാക്കുന്നത് ഈ പ്രക്ഷോഭം തുടർന്നാൽ അത് കേരളത്തെ സാരമായി ബാധിക്കും എന്നുതന്നെയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യ വസ്തുക്കളുടെ വരവ് നിലച്ചാൽ കേരളം പട്ടിണിയിലേയ്ക്ക് വഴുതിവീഴുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച്

കൊവിഡ്-19 വ്യാപന ഘട്ടത്തിൽ അത്തരം ഒരു സ്ഥിതി സൃഷ്ടിക്കാവുന്ന പ്രത്യാഘാതം ഒരു തരത്തിലും കേരളത്തിന് താങ്ങാനാവില്ല.

ഇതിനെല്ലാമുപരി, കൃഷി ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ (ലിസ്റ്റ്-II) ഇനം 14 ആയും Market and Fairs ഇനം 28 ആയും ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ്. സംസ്ഥാനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ അന്തർ സംസ്ഥാന കൗൺസിൽ യോഗം വിളിച്ചുകൂട്ടി വിശദമായ കൂടിയാലോചനകൾക്ക് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കുപോലും അയയ്ക്കാതെ തിരക്കിട്ടാണ് ഈ സുപ്രധാന നിയമങ്ങൾ പാസ്സാക്കിയത് എന്നത് ഗൗരവമായ പ്രശ്നമാണ്.

മേൽ പ്രതിപാദിച്ച വസ്തുതകൾ കണക്കിലെടുത്ത്, രാജ്യത്തിന്റെ നട്ടെല്ലായ കർഷകർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്നും ഈ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരണക്കണമെന്നും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് പ്രമേയത്തിന്മേലുള്ള ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, പ്രമേയം സമ്പൂർണ്ണമാക്കാൻ വേണ്ടിയാണ് ഞാൻ മൂന്ന് അമെന്റ്മെന്റുകൾ മൂവ് ചെയ്യുന്നത്.

1. പ്രമേയത്തിന്റെ ഒന്നാമത്തെ പേജിൽ നാലാമത്തെ ഖണ്ഡികയുടെ ആരംഭത്തിലുള്ള “ ചില” എന്ന വാക്ക് ഒഴിവാക്കുകയും ഖണ്ഡികയുടെ അവസാനം "പ്രത്യേകിച്ചും നിയമനിർമ്മാണ സഭകളിൽ വേണ്ടത്ര ചർച്ച നടത്തുവാൻ അവസരം നിഷേധിച്ചും സഭാ നടപടിചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിശോധനയ്ക്ക് അയയ്ക്കാതെയും പാസ്സാക്കിയ വിവാദമായ കാർഷിക നിയമങ്ങൾ റദ്ദുചെയ്യണമെന്ന കർഷകരുടെ ആവശ്യം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് ബാദ്ധ്യസ്ഥമാണെന്ന് ഈ സഭ കരുതുന്നു.” എന്ന് കൂട്ടിച്ചേർക്കുകയും ചെയ്യുക.

ഏത് നിയമനിർമ്മാണം ആണെങ്കിലും ജനങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ അത് പരിഹരിക്കപ്പെടണം. ചില നിയമം മാത്രം പോരാ.

2. പ്രമേയത്തിന്റെ മൂന്നാമത്തെ പേജിൽ രണ്ടാമത്തെ ഖണ്ഡികയായി താഴെപ്പറയുന്ന ഭാഗം കൂട്ടിച്ചേർക്കണം.

" സാധാരണ കൃഷിക്കാരുടെ ആശ്രയമായ പരമ്പരാഗത ഗ്രാമച്ചന്ത (മണ്ഡി) സംവിധാനത്തെ തകർത്ത് വൻകിട കോർപ്പറേറ്റുകളുടെ റീട്ടെയിൽ ശൃംഖലകൾക്ക് വഴിയൊരുക്കാനാണ് ഈ ബില്ലുകൾ എന്ന കർഷകരുടെ ആശങ്കകൾ ഗൗരവതരമായി കണക്കിലെടുക്കേണ്ടതാണ്. ഈ വിവാദ നിയമങ്ങൾ കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില സംവിധാനം ഇല്ലാതെയാക്കുമെന്നും കരാർ കൃഷിക്ക് നിയമം വഴിയൊരുക്കുമെന്നും പാവപ്പെട്ട കർഷകർ ചൂഷണവിധേയരാകുമെന്നുമുള്ള കൃഷിക്കാരുടെ ഭയപ്പാട് പൂർണ്ണമായും ന്യായീകരിക്കത്തക്കതാണ്."

ഈ സമരം ആരംഭിച്ചിട്ട് നൂറ് ദിവസമായിട്ടും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇതുവരെ ഒരു ചർച്ചയ്ക്കുപോലും തയ്യാറായിട്ടില്ല. നമ്മൾ ആരെയാണ് ഭയപ്പെടുന്നത്; സഭ പ്രമേയം പാസ്സാക്കുമ്പോൾ അക്കാര്യംകൂടി ചൂണ്ടികാണിക്കേണ്ടേ? ആയതിനാൽ,

3. പ്രമേയത്തിന്റെ മൂന്നാം പേജിൽ അവസാന ഖണ്ഡികയ്ക്ക് തൊട്ടുമുമ്പായി താഴെപ്പറയുന്ന ഖണ്ഡിക കൂട്ടിച്ചേർക്കുക.

" ഉത്തരേന്ത്യയിലെ അതിശൈത്യത്തെയും കൊവിഡ്-19 വ്യാപന ഭീഷണിയെയും നേരിട്ടുകൊണ്ട് കർഷകർ സമരമാരംഭിച്ചിട്ട് 35 ദിവസം കഴിഞ്ഞിട്ടും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ട് കർഷക സംഘടനകളുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കാൻ ഇതുവരെ തയ്യാറാകാത്തതിൽ ഈ സഭ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു."

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ സമ്മേളനത്തിന് എല്ലാ പിന്തുണയും അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ശാരീരികമായ അസുഖമുള്ളതുകൊണ്ടാണ് പങ്കെടുക്കാത്തതെന്ന് സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രത്യേകമായി സംസാരിക്കേണ്ടതില്ല. ഈ പ്രമേയത്തിൽത്തന്നെ എല്ലാ കാര്യങ്ങളുമുണ്ട്. ഇതിനെക്കുറിച്ച് ഇപ്പോൾ സംസാരിക്കേണ്ടതുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചതിനുശേഷം മറുപടി പറഞ്ഞാലും മതി.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സഭ ചേരുന്നത് പാർലമെന്റ്

പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങളുണ്ടാക്കിയ അതീവ ഗുരുതരമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ആ നിയമങ്ങൾ റദ്ദാക്കണമെന്ന പ്രമേയം ചർച്ച ചെയ്യാൻ വേണ്ടിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ ഉള്ളടക്കത്തോട് ഞങ്ങൾ പൊതുവേ യോജിക്കുകയാണ്. ചില അമെന്റ്മെന്റ്സ് ഞങ്ങൾ മൂവ് ചെയ്തിട്ടുണ്ട്. ഈ സഭ നേരത്തേ ചേരാനിരുന്നത് ഈ മാസം 23-ാം തീയതിയാണ്. ഭരണഘടനാപ്രകാരം കാബിനറ്റ് ശിപാർശ ചെയ്തയച്ച നിർദ്ദേശം ബഹുമാനപ്പെട്ട ഗവർണർ നിരാകരിച്ചത് ജനാധിപത്യത്തോടും ഭരണഘടനയോടുമുള്ള വലിയ വെല്ലുവിളിയും അവഗണനയുമാണ്. പാർലമെന്ററി നടപടിക്രമത്തിൽ സഭയിൽ ഭൂരിപക്ഷമുള്ള ഗവൺമെന്റ് മന്ത്രിസഭാ യോഗം ചേർന്ന് നിയമസഭ ചേരാൻ ശിപാർശ ചെയ്താൽ ബഹുമാനപ്പെട്ട ഗവർണറുടെ മുന്നിൽ വേറൊരു ഓപ്ഷനുമില്ല. എന്നാൽ അദ്ദേഹം മറ്റെന്തോ കാരണം ചൂണ്ടിക്കാണിച്ചുകൊണ്ട് അതിന് തയ്യാറാകാതിരുന്നത് നിർഭാഗ്യകരമാണ്, പ്രതിഷേധാർഹമാണ്. He is exceeded the limits of Constitutional Powers vested in the Governor. ഞങ്ങളെ അത്ഭുതപ്പെടുത്തിയത്, ബഹുമാനപ്പെട്ട ഗവർണറോടുള്ള ഗവൺമെന്റിന്റെ വളരെ mild ആയ പ്രതികരണമായിരുന്നു. ബഹുമാനപ്പെട്ട ഗവർണറുമായി

സംഘർഷത്തിന് പോകണമെന്ന് പറയുന്നില്ല. എന്നാൽ ഭരണഘടനാപരമായ അവകാശത്തെ ലംഘിക്കുവാൻ ബഹുമാനപ്പെട്ട ഗവർണർ തയ്യാറായപ്പോൾ ശക്തമായി പ്രതിഷേധിക്കേണ്ടതായിരുന്നു. അതിനുപകരം രണ്ടാമത് ശിപാർശ ചെയ്ത് രണ്ട് മന്ത്രിമാരെ ക്രിസ്തുമസ് കേക്കുമായി രാജ്ഭവനിലേയ്ക്ക് അയച്ച് അദ്ദേഹത്തിന്റെ കാലുപിടിച്ച് അസംബ്ലി ചേരേണ്ടതിന്റെ ആവശ്യമുണ്ടായിരുന്നോ? ഇക്കാര്യം പറയാൻ വേണ്ടി അങ്ങും പോയി എന്നാണ് പത്രങ്ങളിൽ വായിച്ചപ്പോൾ മനസ്സിലായത്. അത് വളരെ നിർഭാഗ്യകരമായിപ്പോയി. ഇത് ആരുടെയും ഔദാര്യത്തിന്റെ പ്രശ്നമല്ല. ഭൂരിപക്ഷമുള്ള ഗവൺമെന്റിന്റെ ഭരണഘടനപരമായ അവകാശമാണ്. അത് നിരാകരിച്ച നടപടി അങ്ങേയറ്റം നിരാശാജനകമാണ്. അതിൽ അങ്ങയുടെ പ്രതികരണം ഞങ്ങളെ അത്ഭുതപ്പെടുത്തി.

ഇന്ത്യ ഭരിച്ച കോൺഗ്രസ് ഗവൺമെന്റുകൾ കാർഷികരംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങളാണ് നമ്മുടെ രാജ്യത്തെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചത്. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഭക്ഷ്യകമ്മിയുള്ള രാജ്യമായിരുന്നു നമ്മുടേത്. ആവശ്യമായ ഭക്ഷ്യധാന്യം ഉണ്ടായിരുന്നില്ല. പലപ്പോഴും ദൈനംദിന ആവശ്യങ്ങൾക്കുവേണ്ടി വിദേശ രാജ്യങ്ങളുടെ മുന്നിൽ ഭിക്ഷാപാത്രവുമായി പോയ ഇന്ത്യയെ നമ്മൾ കണ്ടിട്ടുണ്ട്. ഇന്ത്യയിലെ കൃഷിക്കാരന്റെ അടുപ്പിൽ

തീപ്പുകയണമെങ്കിൽ അന്യരാജ്യങ്ങളിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യണമായിരുന്നു, അതെല്ലാം മാറി. കേന്ദ്രം ഭരിച്ച കോൺഗ്രസ് ഗവൺമെന്റുകളുടെ കാർഷിക പരിഷ്കാരങ്ങൾ, ഇന്ദിരാ ഗാന്ധി നടത്തിയ ഹരിത വിപ്ലവം എന്നിവയെല്ലാം കാരണം ഇന്ത്യ ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തത നേടിയിട്ടുണ്ട്. ഇപ്പോൾ എഫ്.സി.ഐ. ഗോഡൗണുകൾ ഭക്ഷ്യധാന്യ ശേഖരം കൊണ്ട് നിറഞ്ഞുകവിയുകയാണ്. ഭക്ഷ്യകയറ്റുമതി ചെയ്യുന്ന നിലയിലേയ്ക്ക് ഈ രാജ്യത്തെ എത്തിച്ചത് കോൺഗ്രസ് ഗവൺമെന്റുകളാണ്. അങ്ങനെ സഹായിച്ച കൃഷിക്കാരനെ അപമാനിക്കാനാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇന്തോ-പാക്ക് യുദ്ധ കാലത്ത് പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രി ഉയർത്തിയ മുദ്രാവാക്യമാണ് "ജയ് ജവാൻ, ജയ് കിസാൻ" . കൃഷിക്കാർക്ക് നൽകിയിരുന്ന പ്രാധാന്യമാണ് ഇത് വിളിച്ചറിയിക്കുന്നത്. എന്നാൽ ഇന്ന് കൃഷിക്കാരെ അവഹേളിക്കുന്നു, അവഗണിക്കുന്നു. 35 ദിവസം സമരം ചെയ്തിട്ടും തിരിഞ്ഞുനോക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. ഇത് അവഗണിക്കാൻ കഴിയുന്ന കാര്യമാണോ? ഭക്ഷ്യസംഭരണ മേഖലയിൽ നിന്ന് ഗവൺമെന്റ് പിന്മാറി, ഭക്ഷ്യശേഖരണമില്ലാത്ത അവസ്ഥയുണ്ടാകുന്നു. അങ്ങനെ വരുമ്പോൾ സംഭവിക്കാൻ

പോകുന്നത്, ഇന്ത്യയിലെ കോർപ്പറേറ്റ് ഭീമന്മാരുടെ ദയാദാക്ഷിണ്യങ്ങൾക്ക് മുമ്പിൽ ഈ രാജ്യം മുട്ടുമടക്കേണ്ടി വരും. ഈ ആശങ്ക ചെറിയ കാര്യമല്ല, ഇത് കേവലം പ്രമേയം പാസ്സാക്കി സഭ പിരിയേണ്ട കാര്യവുമല്ല.

വിവാദ നിയമങ്ങൾ പാർലമെന്റ് പാസ്സാക്കിയത് 100 ദിവസം മുമ്പ് 2020 സെപ്റ്റംബർ 20-നാണ്. ഇത്രയും വൈകി ഈ സഭ ഇക്കാര്യം ചർച്ച ചെയ്യുമ്പോൾ ചടങ്ങ് തീർക്കുന്നതുപോലെ ഒരു പ്രമേയം പാസ്സാക്കി പിരിയുകയല്ല ചെയ്യേണ്ടിയിരുന്നത്. മറിച്ച്, ഈ കേന്ദ്ര നിയമം റദ്ദാക്കാനുള്ള നിയമം കൊണ്ടുവന്ന് പാസ്സാക്കണമായിരുന്നു. അതിന് ഒരു മണിക്കൂറല്ല, ഒരു ദിവസം ഇരിക്കുവാനും ഞങ്ങൾ തയ്യാറായിരുന്നു. പക്ഷേ, ഗവൺമെന്റ് ലാഘവബുദ്ധിയോടുകൂടി പ്രമേയം അവതരിപ്പിച്ച് പിന്മാറുകയായിരുന്നു. ഞങ്ങൾ ഇതിനോട് വിയോജിക്കുകയാണ്. അതിന് രണ്ടുമൂന്ന് കാരണങ്ങളുണ്ട്. 100 ദിവസം മുമ്പ് ഈ നിയമം പാസ്സാക്കിയത് ജനാധിപത്യത്തെയും പാർലമെന്റിനെയും അവഗണിച്ചും സഭയിൽ ചർച്ച ചെയ്യാതെയുമാണ്. പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യവും നിരാകരിച്ചു. പ്രതിപക്ഷ എം.പി.മാരെ സസ്പെന്റ് ചെയ്തുകൊണ്ട്, വോട്ടിംഗിനുള്ള ആവശ്യം ഉന്നയിച്ചിട്ടും അതിന് സമ്മതിക്കാതെ ആ നിയമം പാസ്സാക്കാൻ ലോക്സഭ

തയ്യാറായത് പാർലമെന്റ് മര്യാദകളുടെ ലംഘനമാണ്. ബഹുമാനപ്പെട്ട ഒ. രാജഗോപാൽ ഒഴികെ, ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും പിന്തുണ ഈ പ്രമേയത്തിനുണ്ട്.

കൃഷിക്കാരെ കുത്തുപാള എടുപ്പിക്കാൻ മാത്രമേ ഈ നിയമം സഹായിക്കുകയുള്ളൂ. പ്രമേയം അവതരിപ്പിക്കുന്നതിന് പകരം ഒരു നിയമം കൊണ്ടുവരാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്നാണ് മനസ്സിലാകുന്നില്ല. രണ്ടാമത്തെ കാര്യം, കേന്ദ്ര സർക്കാർ പാസ്സാക്കിയ ഈ മൂന്ന് നിയമങ്ങളും ഭരണഘടനാവിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയിൽ കൃഷി സംസ്ഥാന വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഫെഡറൽ സമ്പ്രദായത്തിന്റെ കടയ്ക്കൽ കത്തിവച്ചുകൊണ്ട്, സംസ്ഥാന ഗവൺമെന്റുകളോട് ആലോചിക്കാതെ, ചർച്ച ചെയ്യാതെ നിയമം പാസ്സാക്കിയത് ഈ സഭയടക്കം ഇന്ത്യയിലെ മുഴുവൻ സംസ്ഥാന നിയമസഭകളുടെയും അവകാശത്തിന്മേലുള്ള കൈകടത്തലാണെന്ന കാര്യം വിസ്മരിക്കരുത്. എന്നിട്ടും ഇക്കാര്യം മനസ്സിലാക്കാൻ നമ്മൾ തയ്യാറാകുന്നില്ല.

മൂന്നാമത്തെ കാര്യം, കഴിഞ്ഞ 35 ദിവസമായി രാജ്യതലസ്ഥാനമായ

ഡൽഹിയും ഉത്തരേന്ത്യയും അതിശക്തമായ സമരത്തിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ സമ്മർദ്ദങ്ങളേയും പ്രലോഭനങ്ങളേയും ഭീഷണിയേയും അവഗണിച്ചുകൊണ്ടാണ് കൊടിയ തണുപ്പത്ത് സ്വന്തം ആരോഗ്യംപോലും പണയപ്പെടുത്തി കൃഷിക്കാർ സമരം ചെയ്യുന്നത്. ആ കർഷക സഹോദരന്മാരെ ഞാൻ അഭിനന്ദിക്കുകയാണ്. ട്രക്കുകളിൽ കൊണ്ടുവന്ന കച്ചിക്കൂനയിൽ അഭയം തേടിയാണ് തണുപ്പിൽ നിന്നും കൃഷിക്കാരൻ മോചനം നേടുന്നത്. നമ്മൾ അത് ടെലിവിഷനിൽ കാണുന്നുണ്ട്. സാധാരണ കൃഷിക്കാർ റൊട്ടിയും ദാലും മാത്രം കഴിച്ച് സമരഭൂമിയിൽ നിൽക്കുന്നു. ഇത് രണ്ടാം സ്വാതന്ത്ര്യസമരമാണ്. ഒന്നാം സ്വാതന്ത്ര്യസമരം നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയായിരുന്നുവെങ്കിൽ രണ്ടാം സ്വാതന്ത്ര്യസമരം കാർഷികമേഖലയുടെ നിലനിൽപ്പിനുവേണ്ടിയാണ്. It is unprecedented in the history of indipendent India. ജീവിക്കാൻ വേണ്ടിയുള്ള സമരമാണിത്. രണ്ട് കോടി കർഷകരുടെ ഒപ്പ് ശേഖരിച്ച് ശ്രീ. രാഹുൽ ഗാന്ധി, ശ്രീമതി പ്രിയങ്കാ ഗാന്ധി, എം. പി. മാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് പാർലമെന്റിലേക്ക് മാർച്ച് നടത്തിയെങ്കിലും അവരെ പോകാൻ

അനുവദിക്കാതെ തടഞ്ഞുവച്ചു. അവസാനം 3 പേരെ കാണാൻ അനുവദിച്ചു. ഈ സമരം രാഷ്ട്രീയപ്രേരിതമാണെന്ന് പറയുന്നു. ഈ സമരത്തിന്റെ മുന്നിൽ രാഷ്ട്രീയക്കാരല്ല, ഇന്ത്യയിലെ കർഷകപ്രസ്ഥാനങ്ങളാണ്, കർഷകരാണ്. നമ്മൾ സമരത്തിന്റെ പിന്നിലുണ്ട്. കാരണം, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ജനവികാരം അവഗണിക്കാൻ ഒരിക്കലും സാധിക്കുകയില്ല. ഒരുകാര്യംകൂടി പറയാനുള്ളത്, പ്രമേയത്തിന്റെ ആദ്യഭാഗത്ത് പറയുന്നതുപോലെ കൊവിഡ്-19 വ്യാപനത്തിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണ്. സാമൂഹിക അകലം പാലിക്കണം, മാസ്ക് ധരിക്കണം, സാനിറ്റൈസർ ഉപയോഗിക്കണം എന്നൊക്കെ പറയുമ്പോഴും, പതിനായിരക്കണക്കിന് കർഷകർ ഇതൊന്നുമില്ലാതെ സ്വന്തം ജീവൻപോലും പണയപ്പെടുത്തി 35 ദിവസമായി അവിടെ സമരം ചെയ്യുകയാണ്. ജനാധിപത്യത്തിനും ഇന്ത്യൻ ഭരണഘടനയ്ക്കും അപമാനകരമായ ഒരു കാര്യമാണിത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ടെലിവിഷനിലൂടെ സമരം രാഷ്ട്രീയ പ്രേരിതമാണെന്ന് കുറ്റപ്പെടുത്തുന്നു, സമരത്തെ ആക്ഷേപിക്കുന്നു, സമരക്കാരെ

അവഹേളിക്കുന്നു. അദ്ദേഹം മൻ-കീ-ബാത്തിലൂടെ കൃഷിക്കാരോട് സമരം അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്തു. മൻ-കീ-ബാത്തിൽ ചെലവഴിക്കുന്ന സമയത്തിന്റെ നാലിലൊന്ന് സമയമെങ്കിലും കൃഷിക്കാരെ വിളിച്ചുകൂട്ടി സംസാരിക്കാൻ ചെലവഴിക്കേണ്ടതല്ലേ; അവരുടെ പരാതിയും വിഷമവും കേൾക്കേണ്ടതല്ലേ? കർഷകരുമായി ചർച്ച ചെയ്യാൻ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ അയയ്ക്കുന്നു, ശ്രീ. അമിത്ഷാ പോകുന്നു. ഇതെല്ലാം പ്രഹസനമാണ്. വിവാദ നിയമങ്ങൾ പിൻവലിക്കാതെ സമരത്തിൽ നിന്ന് പിന്നോക്കം പോകുകയില്ലെന്ന് കൃഷിക്കാർ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. അത് മനസ്സിലാക്കാനുള്ള സാമാന്യമര്യാദപോലുമില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി എന്തുകൊണ്ടാണ് ചർച്ചയ്ക്ക് തയ്യാറാകാത്തത്; ഈ സഭ പ്രമേയം പാസ്സാക്കുമ്പോൾ ആ കാര്യംകൂടി പറയേണ്ടതല്ലേ; നിങ്ങൾ ആരെയാണ് ഭയപ്പെടുന്നത്? കർഷകസമരം തുടങ്ങി 35 ദിവസമായിട്ടും അവരുമായി ചർച്ച ചെയ്യാൻ തയ്യാറാകാത്ത ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിക്കാത്ത ഈ പ്രമേയം അപൂർണ്ണമാണ്. ഈ പ്രമേയത്തിനു പകരം കേന്ദ്രനിയമം റദ്ദാക്കുന്ന ബില്ലുകൾ

പാസ്സാക്കണമായിരുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു, അദ്ദേഹം പറഞ്ഞത് ബില്ല് തയ്യാറാക്കാൻ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചുവെന്നാണ്. ബിൽ തയ്യാറാക്കാൻ ഒരു ദിവസം പോരെ? ഒരു ദിവസം കൊണ്ടുതന്നെയല്ലേ ഒരു ചർച്ചയുമില്ലാതെ മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഓർഡിനൻസ് കൊണ്ടുവന്നത്; നിയമം പാസ്സാക്കിയത്? 100 ദിവസം മുമ്പ് പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ ഒരു നിയമം കൊണ്ടുവരാൻ സാധിക്കാത്തത് തികച്ചും ലജ്ജാകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാൻ, പഞ്ചാബ്, ചത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങൾ ചെയ്തത് കേവലം പ്രമേയം പാസ്സാക്കൽ മാത്രമായിരുന്നില്ല. 2020 ഒക്ടോബർ 20-ന്, അതായത് ഇന്നേയ്ക്ക് 70 ദിവസം മുൻപ് പഞ്ചാബ് നിയമസഭാ സമ്മേളനം ചേർന്ന് നിയമം പിൻവലിക്കാൻ പ്രമേയം പാസ്സാക്കുക മാത്രമല്ല, കേന്ദ്ര നിയമത്തിന് ബദലായി Farmers (Empowerment And Protection) *Agreement On Price Assurance And Farm Services* (Special Provisions And *State* Amendment) *Bill 2020* പാസ്സാക്കി. ആ നിയമത്തിൽ വിളകൾക്ക് താങ്ങുവില

ഉറപ്പുവരുത്തുക മാത്രമല്ല, താങ്ങുവിലയിൽ കുറച്ച് സംഭരിക്കാൻ ആരെങ്കിലും മുന്നോട്ട് വന്നാൽ അവർക്ക് ജയിൽ ശിക്ഷ ലഭിക്കുന്നമെന്നും പറയുന്നുണ്ട്. മാത്രമല്ല, ഒരു ഹെക്ടറിൽ താഴെയുള്ള കൃഷിഭൂമി റവന്യൂ റിക്കവറിയുടെ ഭാഗമായി അറ്റാച്ച് ചെയ്യുവാൻ പാടില്ലെന്ന് പഞ്ചാബ് നിയമം വ്യവസ്ഥ ചെയ്യുന്നു. ഒക്ടോബർ 27-ന് Sri. Bhupesh Baghel നയിക്കുന്ന ചത്തീസ്ഗഢ് ഗവൺമെന്റും നിയമം പാസ്സാക്കി മണ്ഡികളെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കാൻ വ്യവസ്ഥ ചെയ്തു. കഴിഞ്ഞ നവംബർ 3-ന് അതായത് 57 ദിവസം മുൻപ് ശ്രീ. അശോക് ഗഹ്‌ലോട്ട് നയിക്കുന്ന രാജസ്ഥാൻ നിയമസഭ ചേർന്ന് മൂന്ന് നിയമങ്ങൾക്കെതിരായ പ്രമേയം പാസ്സാക്കി കേന്ദ്ര നിയമങ്ങൾ നടപ്പിലാക്കില്ലെന്ന് പ്രഖ്യാപിച്ചു. എന്തുകൊണ്ട് ആ പാതയിൽ പോകാൻ കേരളത്തിന് സാധിക്കുന്നില്ല; നമ്മൾ എന്തുകൊണ്ട് മടിച്ചു നിൽക്കുന്നു? ഇത് ദൗർഭാഗ്യകരമായ ഒരു കാര്യമാണ്.

ഇത് കർഷകരുടെ മാത്രം പ്രശ്നമല്ല, ഇന്ത്യയിലെ ജനങ്ങളുടെ ആവശ്യമാണ്, ഭരണഘടനാവ്യവസ്ഥകളെ ലംഘിക്കുന്ന, ജനാധിപത്യംപോലും

അപകടത്തിലാക്കുന്ന, പാർലമെന്റിൽ പ്രതിപക്ഷത്തെ അവഗണിക്കുന്ന, സംസാരിക്കാൻ അനുവദിക്കാതെ അറസ്റ്റ് ചെയ്യുന്ന, ജനങ്ങളുടെ ശബ്ദം കേൾക്കാൻ തയ്യാറാകുന്നില്ല. കേന്ദ്ര ഗവൺമെന്റ് പോകുന്നത് ഏകാധിപത്യ പാതയിലാണ്. ശ്രീ. നരേന്ദ്ര മോഡിയുടെ ഏകാധിപത്യ പ്രവണതക്കെതിരായി ശബ്ദം ഉയർത്തണം.

പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നതൊടൊപ്പം, കർഷകരുമായി ചർച്ച ചെയ്യാൻ തയ്യാറാകാത്ത ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ നടപടിയെ അപലപിക്കുന്ന ഭാഗംകൂടി പ്രമേയത്തിൽ കൂട്ടിച്ചേർക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: കക്ഷിനേതാക്കളുടെ പ്രതികരണത്തിന് നമ്മൾ സമയം നിശ്ചയിച്ചിട്ടില്ലെങ്കിലും സമ്മേളനത്തിന് ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. പ്രതിപക്ഷ നേതാവിന്റെ അഭാവത്തിലാണ് ശ്രീ. കെ. സി. ജോസഫ് അല്പസമയം കൂടുതലെടുത്തത്. ഇത് മനസ്സിൽ വച്ചുകൊണ്ട് കക്ഷി നേതാക്കൾക്ക്

സംസാരിക്കാം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേന്ദ്ര ഗവൺമെന്റിന്റെ കർഷക ദ്രോഹ നിയമത്തിനെതിരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം, പൂർണ്ണമായും അതിന്റെ ഉള്ളടക്കത്തെ അംഗീകരിച്ചുകൊണ്ടും സ്വീകരിച്ചുകൊണ്ടുമാണ് ഇതുമായി ബന്ധപ്പെട്ട ഏതാനും ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. കേന്ദ്രസർക്കാർ പാസാക്കിയ കാർഷിക നിയമങ്ങൾ കർഷകരെ മാത്രമല്ല രാജ്യത്തെക്കൂടി തകർക്കുന്നതാണ്. കർഷക സമരത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിന്റെ ഭാഗമായി പ്രവർത്തിച്ചിട്ടുള്ള 78 ഉന്നത ഉദ്യോഗസ്ഥർ ഒരു സംയുക്ത പ്രസ്താവനയിൽ, കേന്ദ്രസർക്കാർ ഭരണഘടനയുടെ ഫെഡറൽ തത്വങ്ങളെ നശിപ്പിക്കുകയാണെന്ന് പറഞ്ഞത് തികച്ചും പ്രസക്തമാണ്. ഇതിപ്പോൾ മാത്രമുണ്ടായ ഒരു നിയമമാണെന്ന് ഞാൻ കരുതുന്നില്ല. 2003-ൽ വാജ്പേയി സർക്കാർ കൊണ്ടുവന്ന മോഡൽ എ.പി.എം.സി. ആക്ടാണ് കാർഷികരംഗത്തെ കുത്തകവത്കരണത്തെ ലക്ഷ്യമിട്ടുള്ള ബി.ജെ.പി.യുടെ

ആദ്യശ്രമം. പതിനാറോളം സംസ്ഥാനങ്ങൾ ഈ മാതൃകാ ആക്ടിനനുസരിച്ച് അവരുടെ നിയമങ്ങൾ പരിഷ്കരിക്കുകയുണ്ടായി. കേരളമുൾപ്പെടെ പൂർണ്ണമായി മാറിനിന്ന സംസ്ഥാനങ്ങളെയും ഭാഗികമായി മാത്രം കാർഷിക വിപണി കുത്തകകൾക്ക് തുറന്നിട്ടുകൊടുത്ത സംസ്ഥാനങ്ങളെയും സമ്പൂർണ്ണമായി കോർപ്പറേറ്റ് ആർത്തിക്ക് ഇരയാക്കാനാണ് പുതിയ കാർഷിക നിയമത്തിലൂടെ ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നതെന്നതാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. വ്യക്തമായ കാരണങ്ങളാലാണ് ഭരണഘടനയുടെ രൂപീകരണ സമയത്ത് കൃഷി ഒരു സംസ്ഥാന വിഷയമാക്കാൻ ഭരണഘടനാ ശില്പികൾ തീരുമാനിച്ചത്. ഓരോ സംസ്ഥാനത്തിന്റെയും കാർഷിക, കാലാവസ്ഥാ, ഭൂമേഖലകളും ഭക്ഷണരീതികളും കാർഷികവിളകളും കൃഷിരീതികളും കൃഷിയെ മൊത്തത്തിൽ നിലനിർത്തുന്ന കാർഷിക സംസ്കാരങ്ങളുമെല്ലാം തികച്ചും വിഭിന്നങ്ങളായതുകൊണ്ടും ഓരോ ജനവിഭാഗത്തിന്റെയും ഭക്ഷ്യസുരക്ഷയുടെ മാനദണ്ഡങ്ങൾ വ്യത്യസ്തങ്ങളായതുകൊണ്ടുമാണ് അങ്ങനെ തീരുമാനിച്ചത്. നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി വാജ്പേയി സർക്കാരിന്റെ

കാലത്തുതന്നെ കൃഷിയെ കൺകറന്റ് ലിസ്റ്റിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. 2006 ഡിസംബറിൽ ദേശീയ കർഷകനയത്തിന്റെ രൂപീകരണവേദിയിൽ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള വിയോജിപ്പ് അന്നത്തെ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ ശക്തമായി ഉന്നയിക്കുകയും രേഖാമൂലം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ കൺകറന്റ് ലിസ്റ്റിലുള്ള കൊമേഴ്സ് മന്ത്രാലയത്തിന്റെ പരിധിയിൽനിന്നുകൊണ്ടാണ് കോലാഹലങ്ങൾക്കിടയിൽ ചർച്ചയില്ലാതെ ശബ്ദവോട്ടോടെ പാർലമെന്റിൽ പുതിയ കാർഷികനിയമം കേന്ദ്രസർക്കാർ പാസാക്കിയെടുത്തത്. പക്ഷേ സംസ്ഥാന വിഷയമായ കൃഷിയുടെ അടിസ്ഥാന ഘടകങ്ങളായ കാർഷികോല്പാദനം, വിളകളുടെ സംഭരണം എന്നിവയെ കരാർ കൃഷിയുടെ ചട്ടക്കൂട്ടിൽപ്പെടുത്തി പൂർണ്ണമായും കേന്ദ്ര നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമം ഇതിന് പിന്നിലുണ്ടെന്നത് ഉറപ്പാണ്. 2003-ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന ഈ ആക്ട് സംസ്ഥാനങ്ങളിൽ നടപ്പാക്കാൻ വലിയ സമ്മർദ്ദമുണ്ടായിട്ടും കേരളം ഇതുവരെ അതിന് തയ്യാറായിട്ടില്ല. അന്താരാഷ്ട്ര കരാറുകളുടെ കാര്യത്തിൽ മാത്രമാണ്

കേന്ദ്രസർക്കാരിന് കൃഷി എന്ന സംസ്ഥാന വിഷയവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ അധികാരമുള്ളത്. കരാർ കൃഷിയുടെ മറവിൽ ബഹുരാഷ്ട്ര കുത്തകകൾക്ക് ഭക്ഷ്യോല്പാദന സംഭരണ വിപണന രംഗങ്ങൾ കയ്യടക്കാനേ ഈ നിയമം വഴിയൊരുക്കൂ. ബഹുമാന്യനായ പ്രധാനമന്ത്രി പറയുന്നതുപോലെ കർഷകർ ഡിജിറ്റൽ പ്ലാറ്റ്ഫോംവഴി കാർഷികോല്പന്നങ്ങളുടെ വിൽപ്പനയ്ക്ക് സമ്മതം നൽകുമ്പോൾ ഉല്പന്നങ്ങളുടെ മാത്രമല്ല, ഉല്പാദനത്തിന്മേലുള്ള കർഷകന്റെ സ്വാതന്ത്ര്യം കൂടി നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നതാണ് പ്രത്യേകമായി നാം അറിയേണ്ടത്. Essential Commodities Act-ൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾപോലും ഈ നിയമംമൂലം ഇല്ലാതാകുന്നതോടെ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കായുള്ള ധാന്യങ്ങളുടെ കരുതൽശേഖരം ഉൾപ്പെടെയുള്ളവ ഇല്ലാതാകും. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ കാർഷികോല്പന്ന സംഭരണത്തിൽനിന്നും ക്രമേണ പിൻവാങ്ങുകയും ചെയ്യുന്നതോടെ ധാന്യക്കമ്മി നേരിടുന്ന കേരളംപോലുള്ള സംസ്ഥാനങ്ങൾ ആദ്യംതന്നെ പ്രതിസന്ധിയിലാകുമെന്നതും ഉറപ്പാണ്. വൻകിട ഉല്പന്ന

സംഭരണ കമ്പനികൾ നിശ്ചയിക്കുന്ന വില ന്യായവിലയായി അംഗീകരിക്കപ്പെടുമ്പോൾ സർക്കാരുകൾ നിശ്ചയിച്ചുവരുന്ന താങ്ങുവില സമ്പ്രദായം അപ്രസക്തമാകുകയും ചെയ്യും. ഇത് ഗുരുതരമായ കാർഷിക പ്രതിസന്ധിയിലേയ്ക്ക് നയിക്കും. കരാർകൃഷിയുടെ വ്യവസ്ഥകളും ഉല്പന്നങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങളും കൃഷിയിടത്തിൽ ഉപയോഗിക്കേണ്ട കീടനാശിനികളുംവരെ നിഷ്കർഷിക്കാൻ സംഭരണ കുത്തകകൾക്ക് കഴിയും. കുറഞ്ഞത് ഒരു വിളയുടെ കാലാവധി മുതൽ പരമാവധി അഞ്ചുവർഷംവരെയാണ് ഒരു കരാറിന്റെ കാലദൈർഘ്യം. കരാർ കാലയളവിൽ കമ്പനി നിശ്ചയിക്കുന്ന വിളകളും കൃഷിരീതികളും ഭൂവിനിയോഗവും നടത്താൻ മാത്രമേ കർഷകന് അനുവാദമുള്ളൂ. ഒരർത്ഥത്തിൽ കരാർ കാലയളവിൽ ആ ഭൂമിക്കുമേൽ സംഭരണ കമ്പനിക്ക് ലീസിന് സമാനമായ വലിയ നിയന്ത്രണമുണ്ടാകും. കൂടാതെ കരാർകൃഷി സമ്പ്രദായം നിലവിലുള്ള പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളിൽ പെപ്സികോ ഉൾപ്പെടെയുള്ള കമ്പനികളുടെ നിബന്ധനകൾ പാലിക്കാൻ നിർബന്ധിതരായ കർഷകർ കടുംകൃഷി നടത്തുന്നതിലൂടെ മണ്ണ് മരിക്കാനുള്ള

സാഹചര്യമുണ്ടായത് നമ്മൾ കണ്ടതാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ വ്യാപാര വ്യവസ്ഥകളിൽ കർഷകർക്ക് വലിയ പങ്കില്ലാത്തത് അവധിവ്യാപാരം വഴി ഊഹക്കച്ചവടത്തിന് വഴിവയ്ക്കുകയും മൂലധന കമ്പോളത്തിലെ ചൂതാട്ടങ്ങൾ അതീവ ഗുരുതരമായ കാർഷിക പ്രതിസന്ധിക്ക് ഇടവരുത്തുകയും ചെയ്യും. കോവിഡാനന്തര കാലത്ത് സമ്പന്ന രാജ്യങ്ങളിലെ കാർഷിക മേഖല മനുഷ്യ വിഭവശേഷിയുടെ ദൗർലഭ്യമുൾപ്പെടെയുള്ള കാരണങ്ങൾകൊണ്ട് വലിയ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. ആ രാജ്യങ്ങളുടെ ഭക്ഷ്യസുരക്ഷയെ ഇത് കാര്യമായി ബാധിക്കും. അങ്ങനെവരുന്ന ഘട്ടങ്ങളിൽ ഇന്ത്യയിൽനിന്നും കാർഷികോല്പന്നങ്ങളുടെ കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനികൾവഴി ഭക്ഷ്യധാന്യങ്ങൾ വലിയ അളവിൽ സമ്പന്ന രാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോകാനുള്ള സാധ്യതയും ഏറെയാണെന്നത് നാം കാണേണ്ടതുണ്ട്. ഇങ്ങനെ സംഭവിച്ചാൽ ഇന്ത്യയും കേരളവും വലിയ ഭക്ഷ്യക്ഷാമത്തിലേയ്ക്ക് നീങ്ങുകതന്നെ ചെയ്യും. പുതിയ കേന്ദ്രനിയമത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് കർഷകർക്ക് ഏറെ തടസങ്ങളുണ്ട്. കരാറുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ഉയർത്താൻ സാധിച്ചാൽത്തന്നെയും

വൻകിട കമ്പനികളുമായി കേസ് നടത്തി പിടിച്ചുനിൽക്കാൻ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകും. അത് ഈ പ്രമേയത്തിൽ ഞാൻ പ്രത്യേകം ചൂണ്ടിക്കാണിച്ച കാര്യമാണ്. കർഷകരെ സഹായിക്കാൻ സർക്കാരിനും പ്രയാസമായിരിക്കും. കരാറിൽ സർക്കാരിന് ഗ്യാരണ്ടിയോ പങ്കാളിത്തമോ സാന്നിധ്യമോ ഇല്ലെന്നത് കർഷകരുടെ സ്ഥിതി കൂടുതൽ ദുർബലമാക്കാനിടവരുത്തും. ലോകത്തിനുമേൽ സമ്പൂർണ്ണ മേൽക്കോയ്മ നേടാനുള്ള സാമ്രാജ്യത്വത്തിന്റെ കുപ്രസിദ്ധമായ Full-spectrum dominance തന്ത്രത്തിന്റെ അടിസ്ഥാനതത്വംതന്നെ സൈനികം, ധനപരം, ഊർജ്ജം, ഭക്ഷ്യം എന്നീ മേഖലകളിൽ പൂർണ്ണ നിയന്ത്രണം കൈവരിക്കുകയെന്നതാണ്. സോവിയറ്റ് അനന്തരകാലത്ത് സൈനികമായും ആഗോളവത്കരണകാലത്ത് ധനപരമായും ഗൾഫ് യുദ്ധാനന്തരം ഊർജ്ജരംഗത്തും സാമ്രാജ്യത്വം സമ്പൂർണ്ണ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ബാക്കിയുള്ളത് ഭക്ഷ്യരംഗമാണ്. ബഹുരാഷ്ട്ര കമ്പനികൾ കാർഷികരംഗത്തേയ്ക്ക് കടന്നുവരുമ്പോൾ ഇത്തരം ആഗോളനീക്കങ്ങളെക്കുറിച്ചും നാം ജാഗ്രത പുലർത്തണം. 103 വർഷങ്ങൾക്കുമുമ്പ് ഇത്തരമൊരു നീക്കത്തിനെതിരെ കർഷകരുടെ സമരം

നയിച്ചത് മഹാത്മാഗാന്ധിയായിരുന്നു എന്ന കാര്യംകൂടി നാം ഓർക്കേണ്ടതുണ്ട്. അന്ന് കൃഷിഭൂമിയുടെ ഇരുപതിൽ മൂന്ന് ഭാഗം നിർബന്ധിതമായി നീലം കൃഷി ചെയ്യണമെന്ന നിയമം ബ്രിട്ടീഷ് സർക്കാർ നിഷ്കർഷിച്ചപ്പോൾ ഇതുകാരണം ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം കുറയുകയും ചമ്പാരൻ പ്രദേശത്ത് ക്ഷാമകാലത്തെന്നപോലെ ദാരിദ്ര്യവും പട്ടിണിയും പെരുകയും ചെയ്തു. പട്ടിണി കിടന്നും കൃഷിയിടത്തിൽ മരിച്ച് വീണും പാവപ്പെട്ട കർഷർ ബ്രിട്ടീഷുകാർക്ക് ആവശ്യമായ നീലം ഉല്പാദിപ്പിച്ചുകൊണ്ടേയിരുന്നു. ഈ അനീതിക്കെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ കർഷക സമരമായിരുന്നു ദേശീയ പ്രസ്ഥാനത്തിലെ ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ ആദ്യത്തെ നിയമ ലംഘന സമരം. ബ്രിട്ടീഷ് രാജിന്റെ അന്ത്യത്തിന്റെ തുടക്കമായിരുന്നു ആ കർഷക സമരം. 1917-ൽ ചമ്പാരൻ സമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട ഗാന്ധിജിയെ ബ്രിട്ടീഷ് കോടതിക്ക് നിരുപാധികം മോചിപ്പിക്കേണ്ടിവന്നു. തുടർന്നുനടന്ന കർഷക പ്രക്ഷോഭങ്ങൾക്കു മുന്നിൽ ഭരണകൂടം മുട്ടുകുത്തുകയും 1919 മാർച്ച് മാസം 4-ാം തീയതി ബീഹാർ ലെജിസ്ലേറ്റീവ് കൗൺസിലിൽ Champaran Agrarian

Bill പാസ്സാക്കുകയും നിർബന്ധിത നീലംകൃഷി നിയമപരമായി അസാധുവാക്കുകയും ചെയ്തു. മോദി രാജിനും ഇതേഗതിയാണ് വരാൻ പോകുന്നതെന്ന കാര്യമാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത്. ഇന്ന് കർഷക സമരത്തെ ഗൗരവമായി പരിഗണിക്കാത്തവർ നാളെ ഭക്ഷ്യക്ഷാമം നേരിടുമ്പോൾ ദുരിതത്തിലാകുകയും അവരും പോരാട്ടത്തിന്റെ പാതയിലേയ്ക്ക് വരികയും ചെയ്യും. അന്ന് അവരും തെരുവിലിറങ്ങുകതന്നെ ചെയ്യും. പ്രധാനമന്ത്രി അടിക്കടി ഉരുവിടുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ധാന്യം വിളയില്ല, അവിടെ ധാന്യം വിളയിക്കാൻ കഴിയില്ല. അന്നമുണ്ടാകണമെങ്കിൽ കൃഷിയും കൃഷിയുണ്ടാകണമെങ്കിൽ കർഷകനുമുണ്ടാകണം. 60 ശതമാനത്തിലധികം മനുഷ്യരും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ഇന്ത്യയിൽ കർഷകരുടെ ശബ്ദം രാജ്യത്തിന്റെ ശബ്ദമാണ്. രാജ്യം ഭരിക്കുന്നവർ അത് കേൾക്കാതെ പോകരുത്. അത് ഓർമ്മപ്പെടുത്തുന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം. ഈ പ്രമേയത്തെ ഏകകണ്ഠമായി ഈ സഭ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി

അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഞങ്ങൾ അവതരിപ്പിച്ച ഭേദഗതികൾകൂടി ഈ പ്രമേയത്തിന്റെ ഭാഗമാക്കണമെന്ന് ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്.

കർഷക സമരത്തിന് വലിയ പ്രാധാന്യമുണ്ട്. ഒരുപാട് സവിശേഷതകളുണ്ട്. അത് കാണാതെ പോകരുത്. ഇത് ഒറ്റപ്പെട്ടൊരു സമരമല്ല. ഒരു ഭരണവർഗ്ഗത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പാണ് ഈ സമരം. എന്തും അടിച്ചേൽപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു കേന്ദ്ര ഭരണമാണ് നമ്മുടെ നാടിന്റെ ശാപം. ജനഹിതം മാനിക്കാതെ, ജനായത്ത മൂല്യങ്ങളെ നിരസിക്കുന്ന അതീവ ഗുരുതരമായൊരു സ്ഥിതിവിശേഷമാണ് കഴിഞ്ഞ കുറേക്കാലമായി കേന്ദ്ര സർക്കാർ രാജ്യത്ത് നടത്തുന്നത്. അതിനെതിരെ ജനശക്തിയുടെ മാസ്മരികമായ പ്രഭാവം ഇന്ന് രാജ്യം കാണുന്നു. ഈ സമരത്തിന് രണ്ടാമതൊരു പ്രത്യേകതയുണ്ട്. സമരം തുടങ്ങിയത് നവംബർ 26-നാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി രചിക്കപ്പെട്ട ഭരണഘടന കേവലമൊരു നിയമരേഖ മാത്രമല്ലെന്നും അത് ദേശീയ പ്രസ്ഥാനത്തിന്റെ പൊളിറ്റിക്കൽ മാനിഫെസ്റ്റോ ആണെന്നും

കണക്കാക്കി ജാലിയൻവാലാബാഗിന്റെ മണ്ണിൽനിന്ന്, അതിന്റെ തിക്തമായ സ്മരണകൾ ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഈ കർഷകർ ദില്ലിയിലേയ്ക്ക് വരുന്നത്. ഞങ്ങൾക്ക് വലുത് ദേശീയ പ്രസ്ഥാനം ഉയർത്തിയ മുദ്രാവാക്യങ്ങളാണെന്ന് ഈ കർഷകർ പ്രഖ്യാപിക്കുകയാണ്. അവർ ഏതാണ്ട് ആറ് മാസത്തെ ഭക്ഷണം കരുതിക്കൊണ്ടാണ് ഡൽഹിയിലേക്ക് വന്നിരിക്കുന്നത്. ഞങ്ങൾ പോകുന്നില്ല, ഈ സമരം ഞങ്ങളുടെ ജീവിതത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. അതുകൊണ്ട് പട്ടിണി കിടക്കാതിരിക്കാൻ ആറ് മാസത്തെ ഭക്ഷണം കരുതിയാണ് കർഷകർ കൂട്ടംകൂട്ടമായി ദില്ലയിലേയ്ക്ക് വന്നിരിക്കുന്നത്. സ്ത്രീകളെ നോക്കൂ. ഈ സമരത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, നമ്മുടെ സ്ത്രീകൾ അഭിമാനപുരസ്സരം ഈ സമരത്തിന്റെ ഭാഗമായി വന്നിരിക്കുന്നു എന്നുള്ളതാണ്. എനിക്ക് തോന്നുന്നു, ഷഹീൻബാഗാണ് ഇതിന്റെ ഒരു സന്ദേശം. ഷഹീൻബാഗിൽ സ്ത്രീകൾ നടത്തിയ സമരം ഈ രാജ്യത്തിന്റെ മനസ്സാക്ഷിക്ക് നേരെയുള്ള വലിയൊരു ആഹ്വാനമായി, വലിയൊരു താക്കീതായി. ആ ഷഹീൻബാഗിന്റെ മോഡലിൽ ഇന്ന് ഈ സമരം നടക്കുമ്പോൾ രണ്ട് കാര്യം ശ്രദ്ധിക്കണം. എത്ര

സമാധാനപരമായാണ് അവർ സമരം ചെയ്യുന്നത്. ശൈത്യത്തിൽ തങ്ങളുടെ സഹോദരങ്ങൾ പിടഞ്ഞുവീണ് മരിക്കുന്നു. ഒന്നോരണ്ടോ ആളുകൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. എന്നിട്ടും സമാധാനപരമായ സമരം, മാന്യമായ സമരം. ഈ സർക്കാരിനെതിരെ അതീവ ഗുരുതരമായ വെല്ലുവിളി ഉയർത്താനാണ് ജനങ്ങൾ മുന്നോട്ടുവന്നിരിക്കുന്നത്.

ഈ സമരക്കാർ എന്താണ് ആവശ്യപ്പെടുന്നത്; കേന്ദ്ര സർക്കാർ എന്താണിങ്ങനെ തെറ്റായ നയം സ്വീകരിക്കുന്നത്; രാജ്യത്ത് CACP (Commission for Agricultural Costs and Prices) എന്നൊരു സംവിധാനമുണ്ട്. കാർഷിക രംഗത്തെ ചെലവുകൾ പഠിക്കാൻ, അതിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കാൻ നമുക്കൊരു സംവിധാനമുണ്ട്, അതാണ് CACP. അതിന്റെ ശിപാർശകൾ നടപ്പിലാക്കണമെന്ന് മാത്രമാണ് സമരക്കാർ ആവശ്യപ്പെടുന്നത്. രണ്ട്, സ്വാമിനാഥൻ കമ്മീഷൻ ഈ രംഗത്ത് എത്രയോ ശിപാർശകൾ നൽകിയിട്ടുണ്ട്. ആ ശിപാർശകൾ നടപ്പിലാക്കണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്. മൂന്ന്, കാർഷിക മേഖലയിൽ വൈവിധ്യവത്കരണംവഴി കർഷകർക്ക് അഭിമാനകരമായ

ജീവിതം ഉറപ്പുവരുത്താൻ, ഡോ. എസ്. എസ്. ജോഷി അവതരിപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നയം രൂപീകരിക്കണമെന്നാണ് ഇവർ അവശ്യപ്പെടുന്നത്. ഒന്ന്, Minimum Support Price (താങ്ങുവില) - ന്യായവില പോര, താങ്ങുവില കിട്ടണം. അത് ഇന്നൊരു നയമാണ്. ആ നയം നിയമമാക്കേണ്ടതുണ്ട്. കാരണം, നിയമങ്ങൾപോലും കാറ്റിൽ പറത്തപ്പെടുന്നൊരു കാലത്ത് കേവലമായ നയങ്ങൾ പോര. അതുകൊണ്ട് താങ്ങുവില ഒരു നയമായി രാജ്യം കുറേക്കാലമായി സ്വീകരിക്കുന്നു. അത് നിയമമാക്കി മാറ്റണമെന്നാണ് ഈ കർഷകർ ആവശ്യപ്പെടുന്നത്.

സർക്കാർ ഈ ഉൽപ്പന്നങ്ങൾ ഏറ്റെടുക്കണമെന്നത് നമ്മുടെ ഒരു ആവശ്യമാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതാണ് നല്ലത്. അതിനവർ പറയുന്ന മുടന്തൻ ന്യായം, നമുക്ക് സ്റ്റോറേജില്ലപോലും. ഇത്ര വലിയൊരു രാജ്യത്ത്, ഇത്ര സമ്പന്നമായൊരു രാജ്യത്ത് നമുക്ക് സ്റ്റോറേജ് ഉണ്ടാക്കണം. ഒറ്റയടിക്കല്ല, ഘട്ടംഘട്ടമായി ശീതീകരിച്ച സ്റ്റോറേജുകൾ ഉണ്ടാക്കണം. എന്നിട്ട് നമ്മുടെ കർഷകർക്ക് ന്യായമായ വില ലഭിക്കണം. താങ്ങുവില ലഭിക്കണം. അതിൽ ഒരു വീഴ്ചയും

വരുത്താനനുവദിക്കാൻ നമുക്ക് കഴിയില്ല.

ദേശീയ സമരവുമായി ഒരു ബന്ധവും ഇല്ലാത്തതുകൊണ്ട് എന്ത് അപമാനകരമായ നിലപാടാണ് സ്വീകരിക്കുന്നത്. ബ്രിട്ടീഷുകാരുടെ കാലത്തെ കൊളോണിയൽ നയമെന്താണ്; 1894-ൽ ലാന്റ് അക്വിസിഷൻ ആക്ടുണ്ടായി. നമുക്കറിയാം, 1985-ൽ കോൺഗ്രസ്സ് കർഷകർക്ക് അനുകൂലമായി അതിൽ മാറ്റം വരുത്തി. 1894-ൽ ബ്രിട്ടീഷുകാർ ഉണ്ടാക്കിയ കൊളോണിയൽ കാലത്തെ കർഷക വിരുദ്ധ ജനവിരുദ്ധ നയം 1985-ൽ നമ്മൾ മാറ്റി. ഇപ്പോൾ ഇവർ വലിയ ദേശാഭിമാനികളാണ്. അവർ എന്താണ് ചെയ്യുന്നത്; ബ്രിട്ടീഷുകാരുടെ കാലത്തേയ്ക്ക് ഈ നിയമത്തെ കൊണ്ടുപോകുകയാണ്. കർഷകനെ അനാഥത്വത്തിലേയ്ക്ക് വലിച്ചെറിയുകയാണ്. ഈ ബി.ജെ.പി. സർക്കാർ രാജ്യത്തിന് അപമാനമാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ ഭേദഗതി അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഈ രാജ്യത്തോടും ജനങ്ങളോടും കർഷകരോടും കാണിക്കുന്ന നന്ദികേടിനെതിരെ ഈ പ്രമേയത്തിൽ ഒരു വരിയുണ്ടാകണം.

സപ്ലൈ ചെയിൻ - ഇതെല്ലാം വെറുതെ പറഞ്ഞുപോയാൽ ശരിയാകുമോ;

ബ്രിട്ടീഷുകാരുടെ കാലത്ത് ഫുഡ് സപ്ലൈ ചെയിൻ എന്താണ്; സൈനിക കേന്ദ്രങ്ങളിലേയ്ക്ക് മാത്രമാണ്. ഏത് പട്ടാളം; നമ്മെ അടിമകളാക്കാൻ, യൂണിയൻ ജാക്കിന്റെ പതാക പറപ്പിക്കാൻ, ഇന്ത്യയുടെ ദേശാഭിമാനത്തിന്റെ പ്രതീകമായ മൂവർണ്ണക്കൊടി പറക്കാതിരിക്കാൻ ബ്രിട്ടീഷുകാരുടെ കാലത്ത് സപ്ലൈ ചെയിൻ സൈനിക കേന്ദ്രങ്ങളിലേയ്ക്ക് ആയിരുന്നു. ജവഹർലാൽ നെഹ്റു അത് മാറ്റി. ഹരിതവിപ്ലവം അന്ന് പഞ്ചാബിലെയും ഹരിയാനയിലെയും രാജസ്ഥാനിലെയും മധ്യപ്രദേശിലെയും കർഷകർക്ക് നൽകിയ പ്രോത്സാഹനമാണ് എം.എസ്.പി., ഈ ഏറ്റെടുക്കൽ. അതെല്ലാം തകിടം മറിക്കാൻ ബി.ജെ.പി.ക്ക് അവകാശമില്ല.

എന്തിനാണ് അവർ ഈ മഹാമാരിയുടെ കാലം തെരഞ്ഞെടുത്തത്. അതൊരു ഭരണവർഗ്ഗ ഗൂഢാലോചനയാണ്. ഇത്ര മൗലികമായൊരു നിയമം ഒന്നുകിൽ വിദഗ്ദ്ധർ പറയുക, അല്ലെങ്കിൽ കർഷകർ പറയുക. ഇത് രണ്ടിനുമെതിരെ കേന്ദ്ര സർക്കാർ പാർലമെന്റ് ചേരാതെ അടിച്ചേൽപ്പിക്കുകയാണ്. ലോകസഭയെയും നിയമസഭകളെയുമെല്ലാം നോക്കുകുത്തികളാക്കാൻ ബി.ജെ.പി.ക്ക് അധികാരമില്ല. അതിന്

അവകാശമില്ല. ജനങ്ങൾ അത് നൽകിയിട്ടില്ല. അതുകൊണ്ട് ജനങ്ങളുടെ വികാരം മാനിക്കാൻ സർക്കാർ മുന്നോട്ട് വരുന്നൊരു സാഹചര്യം ഉണ്ടാകണമെങ്കിൽ നമ്മൾ ഇന്ന് കാണിക്കുന്ന ഈ വികാരം അക്ഷരാർത്ഥത്തിൽ തുടരേണ്ടതുണ്ട്.

കേന്ദ്ര സർക്കാരിനെതിരെ സമരം ചെയ്താൽ നമുക്കിപ്പോൾ മൂന്ന് പേരുകളുണ്ട്. ഒന്ന്, അർബൻ നക്സൽ. രണ്ട്, ഭീകരവാദി. ഇപ്പോൾ ഖാലിസ്ഥാനി. കക്ഷിരാഷ്ട്രീയം വിടാം. ഇതൊരു ദേശീയ പ്രശ്നമാണ്. നമ്മുടെ തൊഴിലാളികളുടെ പ്രശ്നമാണ്. ഇത് ഈ നാടിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ പദാവലി. ഭരണഘടനാപരമായി, ജനായത്തത്തിന്റെ മാർഗ്ഗത്തിൽ സമരം ചെയ്താൽ അവർ നമ്മളെ ഭീകരവാദിയാക്കും. നമ്മളെ അറസ്റ്റ് ചെയ്യും. നമ്മെ ഖാലിസ്ഥാനിവാദി എന്നുവിളിക്കും. ജാലിയൻവാലാബാഗിന്റെ മണ്ണിൽനിന്ന് പാവപ്പെട്ട സിക്കുകാരൻ, ഹരിയാനയിലെ തൊഴിലാളികൾ, കർഷകർ ദില്ലിയിലേയ്ക്ക് വരുമ്പോൾ അവൻ ഖാലിസ്ഥാനിയാണ്. ഇവർക്കുവേണ്ടി ശബ്ദമുയർത്തുന്ന ചിന്തകൻമാർ, പ്രൊഫഷണലുകൾ, അവരെ ഇവർ അർബൻ നക്സലൈറ്റ്

എന്നു വിളിക്കും. ഈ ജനവിരുദ്ധമായ സർക്കാരിനെതിരെ ഒന്നിക്കാൻ നമുക്ക് ഈ മൂന്ന് നിയമങ്ങളും പിൻവലിക്കുന്ന സാഹചര്യമുണ്ടാകണം. എം.എസ്.പി. ഉണ്ടാകണം. അതുപോലെ ഭക്ഷ്യോൽപ്പന്നങ്ങൾ സർക്കാർ ഏറ്റെടുത്ത് താങ്ങുവില നൽകി കർഷകരെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ പ്രമേയത്തെ അനുകൂലിക്കുമ്പോൾ പ്രിയപ്പെട്ട മുഖ്യമന്ത്രീ, ഞങ്ങൾ അവതരിപ്പിച്ച കാര്യം താങ്കൾ വിസ്മരിക്കരുത്. കാരണം, ഗവർണ്ണർ നമ്മെ അപമാനിച്ചു. നോട്ടീസ് കിട്ടാതെതന്നെ ഞങ്ങളൊക്കെ അന്നിവിടെ എത്തി. കാരണം, ഇത് നമ്മുടെ മൗലികമായ പ്രശ്നമാണ്. ഞങ്ങളെല്ലാം ഇവിടെയെത്തി മടങ്ങിപ്പോയി. ഞങ്ങൾക്ക് ദുഃഖമില്ല. ഒരു ജനകീയ പ്രശ്നത്തിനുവേണ്ടി എത്ര ദിവസം വേണമെങ്കിലും ഇവിടെ നിൽക്കാൻ ഞങ്ങൾ തയ്യാറാണ്. ഈ നാടകം ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ഒഴിവാക്കാമായിരുന്നു. അതുകൊണ്ട് ഗവർണ്ണർക്കെതിരെ ശക്തമായ ഒരു പരാമർശംകൂടി ഈ പ്രമേയത്തിൽ ഉണ്ടാകണം. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അസാധാരണമായ നടപടികളിലൂടെയാണ് നമ്മുടെ നിയമസഭ ഇപ്പോൾ

കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കേന്ദ്രം പാസ്സാക്കിയ നിയമങ്ങൾ കർഷക വിരുദ്ധവും ജനവിരുദ്ധവുമാണ്. അവ റദ്ദാക്കണമെന്ന് ആവശ്യപ്പെടുന്നൊരു പ്രമേയം ഈ സഭയുടെ മുന്നിൽ സഭാനാഥനായ മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. അത്തരത്തിൽ ഒരു പ്രമേയം അവതരിപ്പിക്കാൻവേണ്ടി പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടാൻ പല പ്രതികൂലങ്ങളേയും അഭിമുഖീകരിച്ച്, അതിജീവിച്ച് ആർജ്ജവം കാട്ടിയ സർക്കാരിനെയും മുഖ്യമന്ത്രിയേയും ഞാൻ ആദ്യമേ അഭിനന്ദിക്കുകയാണ്. ഇവിടെ പ്രതിപക്ഷം സംസാരിക്കുമ്പോൾ ഈ സമ്മേളനം വിളിക്കാൻ അൽപ്പം താമസിച്ചുപോയി, ഭരണഘടനാ പദവികളിൽ ഇരിക്കുന്ന ആളുകളെ വിമർശിക്കുന്നതിലെ, ആക്ഷേപിക്കുന്നതിലെ കാർക്കശ്യം കുറഞ്ഞുപോയി തുടങ്ങിയുള്ള കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ തിരിച്ചുവിടുന്നത് നല്ലതല്ല. ഇന്ന് ഈ നാട് അഭിമുഖീകരിക്കുന്ന, കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്, അതിനോടുള്ള പ്രതികരണം അറിയിക്കാൻ വേണ്ടിയായിരിക്കണം ഈ സമ്മേളനം എന്നുള്ളതാണ് എനിക്ക് ആദ്യം സൂചിപ്പിക്കുവാനുള്ളത്.

പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണം പോലെയുള്ള പേരുകളാണ്

ഈ നിയമങ്ങൾക്ക് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പേരുകൾ സൂചിപ്പിച്ചു. The Farmers' Produce Trade and Commerce (Promotion and Facilitation) Act, 2020, The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act, 2020. അവരെ കൂടുതൽ ശക്തീകരിക്കുന്ന, സംരക്ഷിക്കുന്ന നിയമം എന്നൊക്കെ പേരിടുകയാണ്. പക്ഷേ ഈ രണ്ട് പുതിയ നിയമങ്ങൾക്കൊപ്പം പാസ്സാക്കിയെടുത്ത ഒരു ഭേദഗതി നിയമം, Essential Commodities Act-ലെ ഭേദഗതി. ആ ഭേദഗതി നിയമംകൊണ്ടുതന്നെ മറ്റ് രണ്ട് നിയമങ്ങൾകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ഇന്ന് അവശ്യ സാധനങ്ങളായി പട്ടികയിലുള്ള ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, സവാള, ഉരുളക്കിഴങ്ങ് തുടങ്ങി നിരവധി അവശ്യവസ്തുക്കളെ ആ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതാണ് ഭേദഗതി നിയമം. എന്നുമാത്രമല്ല, യുദ്ധസമയത്തും ക്ഷാമകാലത്തും മാത്രം ഇവയെ അവശ്യവസ്തുക്കളായി പരിഗണിക്കാമെന്നൊരു ഭേദഗതി നിയമമാണ് അവശ്യ സാധന നിയമത്തിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയിലൂടെത്തന്നെ മറ്റ് രണ്ട്

നിയമങ്ങളിലൂടെ സർക്കാർ എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാകുകയാണ്. ഇന്നലെവരെ കുറ്റകൃത്യമായിരുന്ന പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഇന്ന് 'നിയമാനുസൃതമായ ഒരു സംഭരണം' എന്ന ഓമനപ്പേരാക്കി മാറ്റുന്ന മൂന്ന് നിയമങ്ങളാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇതുവരെ ശിക്ഷ ഉറപ്പാക്കിക്കൊടുക്കുമായിരുന്ന ഒരു കുറ്റകൃത്യത്തെ സാധൂകരിച്ച് അതിനെ നിയമാനുസൃതമാക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരുമ്പോൾ ആദ്യത്തെ രണ്ട് നിയമങ്ങൾ കോർപ്പറേറ്റുകൾക്ക് യഥേഷ്ടം ധാന്യങ്ങളും എണ്ണക്കുരുക്കളും സവാളയും ഉരുളക്കിഴങ്ങും അടക്കമുള്ള അവശ്യസാധനങ്ങൾ ആവശ്യത്തിലധികം സംഭരിച്ചുവയ്ക്കാനുള്ള അനുമതി കൊടുക്കുകയാണ്. അത് എങ്ങനെയാണ് സംഭരിക്കുക? ഇന്ന് APMC ആക്ടിന് കീഴിലുള്ള വിപണികളെ മുഴുവൻ തകിടം മറിച്ചുകൊണ്ട് കർഷകരിൽ നിന്ന് ധാന്യങ്ങൾ വാങ്ങാനുള്ള അനുമതിയും കർഷകർക്ക് എവിടെയും വില്ക്കാനുള്ള സ്വാതന്ത്ര്യവും കൊടുക്കുന്നുവെന്ന പുകമറ സൃഷ്ടിക്കുകയാണ്. ആത്യന്തികമായി കോർപ്പറേറ്റുകൾ ഈ വിപണി കുത്തകയാക്കി മാറ്റാൻ പോകുന്നുവെന്ന ആശങ്കയാണ് കർഷകർ പങ്കുവയ്ക്കുന്നത്. നമ്മുടെ മുമ്പിൽ നിരവധി

അനുഭവങ്ങളുണ്ട്. ജിയോ സിം കാർഡ് ആദ്യം സൗജന്യമായിരുന്നു. പിന്നീട് ചില നോമിനൽ ചാർജസായി. മറ്റ് സിം കാർഡുകളെയെല്ലാം വിപണിയിൽനിന്ന് ആട്ടിപ്പായിച്ചതിനുശേഷം ഇവർ വില നിശ്ചയിക്കും. അവരുടെ കുത്തകയാക്കി കോർപ്പറേറ്റുകൾ ഒരു വിപണിയെ മാറ്റിയെടുക്കുന്ന തന്ത്രം കാർഷിക മേഖലയിലേയ്ക്ക് കൊണ്ടുവരാൻ പോകുകയാണ്. ഇതുവരെ APMC ആക്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന മണ്ഡികളിൽ ഉണ്ടായിരുന്ന വില്പന എങ്ങനെയാണ്; ഒരു നിശ്ചിത വില, അതിനുമുകളിൽ ലേലം വിളിച്ച് കർഷകന് ന്യായമായ വില ഉറപ്പിക്കുന്ന സംവിധാനങ്ങൾ മുഴുവൻ ഇല്ലാതാകാൻ പോകുകയാണ്; ഒരു താങ്ങുവിലയും നിശ്ചയിക്കുന്നില്ല; മിനിമം സപ്പോർട്ട് പ്രൈസ് ഇല്ല. 2014-ലെ തെരഞ്ഞെടുപ്പ് സമയത്ത് ബി.ജെ.പി-യുടെ പ്രധാനപ്പെട്ട വാഗ്ദാനങ്ങളിൽ ഒന്നാണ് MSP. സ്വാമിനാഥൻ കമ്മീഷൻ ശിപാർശ ചെയ്ത C2 + 50. ഉല്പാദനച്ചെലവും അതിന്റെ 50 ശതമാനവും കൂട്ടിയുള്ള താങ്ങുവില നിശ്ചയിക്കുമെന്ന് പറഞ്ഞിടത്ത് താങ്ങുവിലയെ സംബന്ധിച്ച് യാതൊരു പരാമർശവുമില്ലാതെ രണ്ടു നിയമങ്ങൾ പാസ്സാക്കിയിരിക്കുകയാണ്. ആത്യന്തികമായി സംഭവിക്കാൻ പോകുന്നത്

എന്താണ്; കുറഞ്ഞവിലയ്ക്ക് കർഷകരിൽനിന്ന് കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് കൃത്രിമ ക്ഷാമമുണ്ടാക്കി വിപണിയിൽ വലിയ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകി കൊള്ളലാഭമുണ്ടാക്കാൻ കോർപ്പറേറ്റുകൾക്ക് അനുമതി കൊടുക്കുന്ന, നിയമങ്ങൾക്കനുസൃതമായി നിലനിൽക്കുന്ന ഒരു നിയമത്തിൽ ഭേദഗതി വരുത്തുക എന്ന തരത്തിലുള്ള ഇടപെടലുകളാണ് ഓർഡിനൻസിലൂടെ പിന്നീട് എല്ലാ പാർലമെന്ററി മര്യാദകളും ലംഘിച്ചുകൊണ്ട് പാർലമെന്റ് പാസ്സാക്കിയത്. കരാർ കൃഷി ഒരു രൂപത്തിലും ഭൂമിയുടെ ഫലഭൂയിഷ്ഠതയേയോ കർഷകന്റെ താല്പര്യങ്ങളെയോ സംരക്ഷിക്കുന്ന രൂപത്തിലല്ല രണ്ടാമത്തെ നിയമം. കേസുകൾ കൊടുക്കാൻ പാടില്ല; ഇപ്പോൾ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉല്പാദിപ്പിച്ചുകൊടുക്കണം. കർഷകന് വില കൊടുക്കേണ്ട ആവശ്യമില്ല; 25 ശതമാനം കൊടുത്താൽ മതി എന്നാണ് പറയുന്നത്. അതും ജനറ്റിക് പ്യൂരിറ്റി ടെസ്റ്റ് കഴിഞ്ഞതിനുശേഷം കൊടുത്താൽ മതിയെന്നാണ് പറയുന്നത്. കോർപ്പറേറ്റുകൾ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതിൽ നിർദയവും മനുഷ്യത്വരഹിതവുമായ സമീപനമാണ് സ്വീകരിക്കുന്നത് എന്നതിൽ

യാതൊരു സംശയവുമില്ല.

2019 ഏപ്രിൽ മാസം പെപ്സികോ ഗുജറാത്തിലെ നാല് നിർദ്ധനരായ കർഷകർക്കെതിരെ ഒരു കോടി അഞ്ചുലക്ഷം രൂപയ്ക്ക് നഷ്ടപരിഹാരക്കേസ് കൊടുത്തു. ലെയ്സ് ചിപ്സ് നിർമ്മിക്കാൻ ഉപയോഗിക്കുന്ന FC-5 എന്ന ഇനത്തിൽ വരുന്ന ഉരുളക്കിഴങ്ങിന്റെ വിത്തുകൾക്കുമേൽ പെപ്സികോയ്ക്ക് ഒരു കുത്തകാവകാശമുണ്ട്. ഈ ഇനം വിത്തുപയോഗിച്ച് ഉരുളക്കിഴങ്ങ് കൃഷി നടത്തിയതിന്റെ പേരിൽ നാല് കർഷകർക്കെതിരെ കേസ് കൊടുത്ത ഒരു കമ്പനിയാണ് പെപ്സികോ. സാധാരണക്കാരായ ആളുകളോട് ഇടപെടുന്ന കാര്യത്തിൽ യാതൊരു മനുഷ്യത്വവും കാണിക്കാതെ പ്രവർത്തിക്കുന്ന കോർപ്പറേറ്റുകൾക്ക് യഥേഷ്ടം ഈ രംഗത്തേയ്ക്ക് കടന്നുവരാൻ അനുവാദം കൊടുക്കുന്ന നിയമങ്ങളാണ് കേന്ദ്രഗവൺമെന്റിന്റെ പാർലമെന്ററി മര്യാദകൾ ലംഘിച്ചുകൊണ്ട്, ഫെഡറൽ സംവിധാനത്തിൽ ഒരു സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെടുന്ന കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് നിയമനിർമ്മാണം നടത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

നമ്മുടെ പൊതുവിതരണ സമ്പ്രദായം തകരുകയാണ്. കാർഷികമേഖലയെയും കർഷകരെയും മാത്രമല്ല ഇത് ദോഷമായി ബാധിക്കാൻ പോകുന്നത്. അന്നം ഭക്ഷിക്കുന്ന മുഴവൻ ആളുകളും ആശ്രയിക്കുന്ന ഇന്നത്തെ പൊതുവിതരണ സമ്പ്രദായം കുത്തകകളുടെ അവകാശമായി മാറുകയാണ്. ഇവിടെ കൃത്രിമമായി ഭക്ഷ്യക്ഷാമമുണ്ടാക്കുവാൻ ഇവർക്ക് കഴിയുമെന്ന അവസ്ഥാവിശേഷമുണ്ടാകുകയാണ്. ഇതിനെതിരെ യോജിച്ച് നിന്നുള്ള ഒരു പ്രതികരണമാണ് നിയമസഭ പാസ്സാക്കേണ്ടത്. അതിൽ കോമ, കുത്ത് തുടങ്ങിയ കാര്യങ്ങളല്ല പ്രശ്നം. അല്ലെങ്കിൽ താമസിച്ചുപോയി എന്നുള്ള വിമർശനവുമല്ല ആവശ്യം. ഇൻഡ്യ ഭരിച്ച കോൺഗ്രസ്സ് സർക്കാരുകൾ ചെയ്ത നല്ല പ്രവൃത്തികളെ സംബന്ധിച്ച് ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചു. യു.പി.എ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ആസിയാൻ കരാർ മറന്നുപോയോ? കർഷകവിരുദ്ധ നയങ്ങൾ ഈ രാജ്യത്ത് ആദ്യമായി കൊണ്ടുവന്നത് യു.പി.എ സർക്കാരിന്റെ കാലത്താണ്. ഇവിടെ കർഷകന് ന്യായമായ വില കിട്ടാത്ത അവസ്ഥ സംജാതമാക്കുന്നതിന് തുടക്കം കുറിച്ചത്

മൻമോഹൻസിംഗ് ഗവൺമെന്റിന്റെ കാലത്താണ് എന്നതാണ് വസ്തുത. അവിടെ പറയുന്ന മറുപടി എന്നുള്ള നിലയിലല്ല, ഇന്നു വന്നിരിക്കുന്ന ജനവിരുദ്ധ, കർഷകവിരുദ്ധ നിയമങ്ങൾ റദ്ദാക്കണമെന്ന കാര്യത്തിൽ ഒന്നാകെ ഒറ്റമനസ്സോടുകൂടി ഈ സഭയ്ക്ക് പ്രതികരിക്കാൻ കഴിയണം. മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന നിയമങ്ങളെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇതിൽ മൂന്നാമത്തേത്, Essential Commodities Amendment Bill - ഇതെല്ലാംകൂടി സെപ്റ്റംബർ 14-ന് ലോക്സഭയിൽ കൊണ്ടുവന്നു. സെപ്റ്റംബർ 15-ന് പാസ്സാക്കി, സെപ്റ്റംബർ 22-ന് രാജ്യസഭ പാസ്സാക്കി, സെപ്റ്റംബർ 24-ന് പ്രസിഡന്റ് ഒപ്പുവച്ചു. സെപ്റ്റംബർ 27-ന് ഗസറ്റ് നോട്ടിഫിക്കേഷൻ വന്നു. ഫെഡറൽ പ്രിൻസിപ്പിളിന്റെ നഗ്നമായ ലംഘനമാണ്, കൃഷി സംസ്ഥാന ലിസ്റ്റിലാണെങ്കിലും സംസ്ഥാനങ്ങളെ കൺസൾട്ട് ചെയ്യാതെയാണ് ചെയ്തിരിക്കുന്നത്. രണ്ടാമത്തെ ബിൽ, Farmers (Empowerment and Protection) Agreement on Price Assurance and

Farm Services Bill, 2020 - Contract farming (കരാർകൃഷി) - ഇവിടെ കുത്തകകൾക്ക് കർഷകരിൽനിന്ന് നേരിട്ട് വാങ്ങുന്നതിനുള്ള അവകാശമുണ്ട്. Essential Commodities Act Amendment എന്നുപറഞ്ഞാൽ രാജ്യത്ത് മിച്ചമുള്ള സംസ്ഥാനങ്ങളുണ്ട്. അതായത്, പഞ്ചാബ്, ഹരിയാന, വെസ്റ്റേൺ യു.പി. തുടങ്ങിയ സ്ഥലങ്ങളിൽ അരിയും ഗോതമ്പും മിച്ചമാണ്. അവിടെനിന്ന് procure ചെയ്ത് ഈ രാജ്യത്ത് ഭക്ഷ്യക്ഷാമമുള്ള സംസ്ഥാനങ്ങൾക്ക് കൊടുക്കണം. ഇത് Food Security Act-ൽ 68 ശതമാനം ജനങ്ങളെയും ബാധിക്കുന്നതാണ്. അതുകൊണ്ട് പ്രൊക്യൂർ ചെയ്ത് കൊടുക്കണം. ഇനി procurement നടക്കുമോ? ഇല്ല. Essential Commodities Act Amendment-ലൂടെ procurement ഇല്ല. ഇത് ഏറ്റവുമധികം ബാധിക്കാൻ പോകുന്നത് കേരളത്തെയാണ്. പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പാടേ ഇല്ലാതാകും. ഇതിൽ കരാർകൃഷി, നേരിട്ട് കൃഷിക്കാരിൽനിന്ന് വാങ്ങുകയാണ്. കർഷകൻ പറയുന്ന വിലയ്ക്ക് കൊടുക്കേണ്ടതായി വരും. അവിടെ സപ്പോർട്ട് പ്രൈസൊന്നും ഇല്ല. പറയുന്ന വിലയ്ക്ക് വാങ്ങി ഇവിടെ കൂട്ടിവച്ച് വില കൃത്രിമമായി ഉണ്ടാക്കി കൂടിയ വിലയ്ക്ക് വിൽക്കും.

ഇവിടെ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ നീലം കൃഷിക്കാരുടെ സമരം, ഭക്ഷ്യധാന്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള കൃഷിക്കെതിരെ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ സമരത്തിനുമുന്നിൽ ഒടുവിൽ ബ്രിട്ടീഷ് ഗവൺമെന്റുപോലും മുട്ടുകുത്തി.

ഇന്നിവിടെ കർഷകർക്ക് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ 2007 ആയപ്പോൾ 23 ഇനങ്ങളിൽനിന്ന് വീണ്ടും വർദ്ധിപ്പിച്ചു. അതിൽ കൊപ്ര കയറി വന്നു. എന്നാൽ റബ്ബർ ഭക്ഷ്യധാന്യമല്ലാത്തതുകൊണ്ട് ഇപ്പോഴും വന്നിട്ടില്ല. അതുംകൂടി ഉൾപ്പെടുത്തേണ്ടതാണ്. കൊപ്രയുടെ കാര്യത്തിൽ എന്താണ് വന്നിരിക്കുന്നത്? സംസ്ഥാന ഗവൺമെന്റുകൾക്ക് അധികാരം കൊടുത്തു. സംസ്ഥാന ഗവൺമെന്റ് സംഭരിച്ചാൽ ആ വില കേന്ദ്രഗവൺമെന്റ് കൊടുക്കും. എനിക്ക് കൃഷി വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാനുള്ളത് 'കൊപ്ര' ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നാണ്. കൊപ്രയുടെ ഇപ്പോഴത്തെ താങ്ങുവില 27 രൂപയാണ്, ഇതിന്റെ എം.എസ്.പി (minimum support price) നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകിയതാണ്. കൊപ്രയുടെ താങ്ങുവില 40 രൂപയെങ്കിലുമാക്കണമെന്ന്

അന്നേ ഞങ്ങൾ പറഞ്ഞതാണ്, അപ്പോൾ ആ താങ്ങുവില നൽകാൻ കേന്ദ്രസർക്കാർ ബാദ്ധ്യസ്ഥമാകും, അവ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കണം. റബ്ബർ നിലവിൽ ഇതിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും അതിന്റെ താങ്ങുവില ഇപ്പോൾ 151 രൂപയാണ്. ഉത്പാദനച്ചെലവിന്റെ 50% അധികം താങ്ങുവില നൽകേണ്ടതാണെന്ന സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശയനുസരിച്ചാണെങ്കിൽ റബ്ബറിന് 250 രൂപയെങ്കിലും താങ്ങുവില ലഭ്യമാകേണ്ടതാണ്, ഇക്കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. Essential Commodities Act-ൽ ഭേദഗതി വരുത്തിയതോടുകൂടി സംഭരണം പൂർണ്ണമായും നിലയ്ക്കും. പഞ്ചാബ്, ഹരിയാന, പശ്ചിമ യു.പി. എന്നീ പ്രദേശങ്ങളെയൊക്കെ ഈ നിയമം ദോഷകരമായി ബാധിക്കും, കേരളത്തിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ ഒഴുക്ക് പാടെ നിലയ്ക്കും. നിയമത്തിലെ ഈ ഭേദഗതി ഏറ്റവുമധികം ബാധിക്കുന്നത് കേരളത്തെയായിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനെതിരെ ഏറ്റവും മുമ്പിലിറങ്ങി സമരം ചെയ്യേണ്ടത് കേരളമാണ്. പൊതുവിതരണ സമ്പ്രദായം നിലവിലുള്ള നമ്മുടെ സംസ്ഥാനത്ത് റേഷൻ

വിതരണമില്ലെങ്കിൽ ആളുകൾക്ക് ജീവിക്കാൻ കഴിയില്ല. മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ച് കാർഷികോത്പന്നങ്ങളുടെ വിലയാണ് പ്രശ്നം. മിനിമം സപ്പോർട്ട് പ്രൈസിൽ കാർഷികോത്പന്നങ്ങളുടെ സംഭരണം നടക്കാത്ത അവസ്ഥയിൽ, കുത്തകകളുടെ ദയാദാക്ഷിണ്യത്തിൽ അവർ പറയുന്ന വിലയ്ക്ക് ഉത്പന്നങ്ങൾ വിൽക്കുകയെന്ന അവസ്ഥയിലേയ്ക്കെത്തിക്കുന്ന തരത്തിലുള്ള കരാർ വ്യവസ്ഥയാണ് രണ്ടാമത്തെ ബില്ലിലുള്ളത്. കേന്ദ്ര സർക്കാർ ഇപ്പോൾ പാസ്സാക്കിയ ഒന്നും രണ്ടും മൂന്നും കാർഷിക ബില്ലുകളെ ഒരുമിച്ച് കാണേണ്ടതാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ മൂന്ന് ബില്ലുകളും റദ്ദാക്കാതെ രക്ഷയില്ല. ഭക്ഷ്യ ധാന്യങ്ങളും മറ്റ് കാർഷികോത്പന്നങ്ങളും മിച്ചമുള്ള സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച് മറ്റു സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയത് 2013-ലാണെങ്കിലും അതിന് മുമ്പുതന്നെ നമ്മുടെ രാജ്യത്ത് പ്രസ്തുത സംവിധാനം നിലവിലുണ്ട്. ഇതുസംബന്ധിച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് 2007-ൽ ഇവിടെ നടപ്പിലാക്കിയതാണ്. ഇതിനെയെല്ലാം പാടെ തകിടം മറിച്ചുകൊണ്ടുള്ള ഈ ബിൽ പാർലമെന്റിൽപ്പോലും ചർച്ചചെയ്യാതെ മൂന്നനാല്

ദിവസംകൊണ്ട് തിടുക്കത്തിൽ പാസ്സാക്കിയത് എന്തിനാണ്? സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള കൃഷിയിലേയ്ക്കുള്ള ഈ കടന്നുകയറ്റത്തിനെതിരെ ഒറ്റക്കെട്ടായി കേരളം ശബ്ദിക്കണം, അക്കാര്യം ചെറിയതോതിൽ ചെയ്താൽ പോരാ. വടക്കേ ഇന്ത്യയിലെ കർഷകരുടെ സമരവീര്യത്തിനുമുമ്പിൽ നമുക്ക് കണ്ണടയ്ക്കാൻ കഴിയില്ല. കച്ചിക്കെട്ടുകളിൽ ഇറങ്ങിയിരുന്നാണ് അവർ കൊടുംതണുപ്പിനെ പ്രതിരോധിക്കുന്നത്. തണുപ്പിനെ പ്രതിരോധിക്കാനാവശ്യമായ വസ്തുങ്ങളൊന്നും അവർക്കില്ല. അതുപോലെ സമരം ചെയ്യേണ്ട സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന ഈ നിയമത്തിനെതിരെ കൂടുതൽ ശബ്ദമുയർത്തേണ്ടത് കേരളമാണ്. സ്വാമിനാഥൻ കമ്മീഷൻ ചൂണ്ടിക്കാട്ടിയതുപോലെ ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്താം. കേരളത്തിലെ എല്ലാ കാർഷികോത്പന്നങ്ങളെയും ഇതിൽ ഉൾപ്പെടുത്താൻ സാധിക്കും. അപ്പോൾ എല്ലാ ഉത്പന്നങ്ങൾക്കും മിനിമം സപ്പോർട്ട് പ്രൈസ് ലഭ്യമാകും. റബ്ബർ, നാളികേരം, ഏലം, കുരുമുളക്, മഞ്ഞൾ, ചുക്ക് തുടങ്ങിയ കേരളത്തിലെ

മുഴവൻ നാണ്യവിളകളും ഉൾപ്പെടുത്തേണ്ടതാണ്. കോവിഡ് കാലത്ത് ഏറ്റവും നല്ല പ്രതിരോധശേഷി നൽകാൻ സഹായിക്കുന്ന ഉത്പന്നമാണ് മഞ്ഞൾ. അരിയും ഗോതമ്പും അവശ്യ എണ്ണയുമടക്കം 23 ഇനം ഉത്പന്നങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. നേരത്തെ ഈ ലിസ്റ്റിൽ കൊപ്ര ഉണ്ടായിരുന്നില്ല. സ്വാമിനാഥൻ കമ്മീഷന്റെ 2004-ലെ റിപ്പോർട്ട് അനുസരിച്ച് കൊപ്ര ഉൾപ്പെടുത്തി. കൊപ്രയുടെ മിനിമം താങ്ങുവില ഇനിയും ഉയർത്താതിരിക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. ഒരു കിലോ തേങ്ങയ്ക്ക് 40 രൂപയെങ്കിലുമാക്കാനുള്ള ബാധ്യത ഇവിടത്തെ ഗവൺമെന്റിനുണ്ട്. ഈയിനത്തിൽ സംസ്ഥാനത്തിന് കൂടുതൽ വരുന്ന ബാധ്യത പരിഹരിക്കാനുള്ള തുക കേന്ദ്രഗവൺമെന്റ് നൽകേണ്ടതാണ്, അതിൽ നിന്നും കേന്ദ്രത്തിന് ഒഴിഞ്ഞുമാറാൻ കഴിയില്ല. നീലം കൃഷിയെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. മഹാത്മാഗാന്ധി പറഞ്ഞതുപോലെ അത് കുത്തകകൾക്കുവേണ്ടിയായിരുന്നു, അവർക്കുവേണ്ട ഉത്പന്നങ്ങളാണ് ഉത്പാദിപ്പിക്കുന്നത്. കരാർ വ്യവസ്ഥ എന്ന കാര്യം പുതിയതല്ല. ആഫ്രിക്കൻ രാജ്യങ്ങളിൽ നേരത്തെതന്നെ ഇത് നടപ്പിലാക്കിയിട്ടുണ്ട്, തത്ഫലമായി

അവിടത്തെ കർഷകരുടെ ഭൂമി മുഴുവൻ അന്യാധീനപ്പെട്ടു. പല ആഫ്രിക്കൻ രാജ്യങ്ങളും മുഴുപ്പട്ടിണിയിലായിരിക്കുകയാണ്. നമ്മുടെ ഭൂമിയിൽ ഇന്നയിനം വിത്ത് വിതയ്ക്കണം, ഇന്ന കാര്യങ്ങൾ ചെയ്യണം എന്നുപറഞ്ഞ് ആദ്യമേ തന്നെ കടം നൽകും. അതിന് ലളിതമായ തിരിച്ചടവേയുള്ളൂവെന്ന് പറയും. പിന്നീട് അവർ പറയുന്ന വിലയ്ക്ക് ഉത്പന്നങ്ങൾ സംഭരണത്തിന് നൽകേണ്ടതായിവരും. പഞ്ചാബ്, ഹരിയാന, പശ്ചിമ യു.പി. എന്നീ പ്രദേശങ്ങളെ മാത്രമല്ല, ഇന്ത്യയെ ഒട്ടാകെ അപകടപ്പെടുത്തുന്ന, കർഷകരെ അടിമയാക്കുന്ന ഈ കർഷകവിരുദ്ധ നിയമത്തിനെതിരെ വടക്കേ ഇന്ത്യയിലെ കർഷകർ നടത്തുന്ന സമരംപോലെ ഇവിടെയും നമ്മൾ സമരം ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്, കൃഷി സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമായതിനാൽ നിലവിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമത്തെ റദ്ദാക്കുന്ന തരത്തിൽ പഞ്ചാബും ഛത്തീസ്ഗഢും രാജസ്ഥാനും പാസ്സാക്കിയ കാർഷിക നിയമത്തിന്റെ രീതിയിലുള്ള ഒരു നിയമം നമ്മളും പാസ്സാക്കിക്കൊണ്ട് പ്രതിഷേധം

അറിയിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ ശ്രീ. കെ. സി. ജോസഫ് കൊണ്ടുവന്ന ഭേദഗതികളുടെ അന്തസ്സത്തകൂടി ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയം പാസ്സാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: ബഹുമാനപ്പെട്ട സ്പീക്കർ സർ, സ്വാഭാവികമായും ഭാരതം കർഷകരുടെ രാജ്യമാണ്. കാർഷിക കാര്യങ്ങൾക്ക് ഇവിടെ വലിയ പ്രാധാന്യമുണ്ടെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. കർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മഹാത്മാഗാന്ധി നടത്തിയ സമരത്തെക്കുറിച്ചെല്ലാം ഇവിടെ പരാമർശിക്കുകയുണ്ടായി, അത് വളരെ ശരിയാണ്. എല്ലാ സംസ്ഥാനങ്ങളും നേരത്തെ സൂചിപ്പിച്ചപോലെയുള്ള നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെയേറെ മുൻപന്തിയിലാണ്. എന്നാൽ ഇതിന് ചില പരിമിതികളൊക്കെയുണ്ട്. പാർലമെന്റ് പാസ്സാക്കിയിട്ടുള്ള 2020-ലെ കാർഷിക നിയമങ്ങൾ ഇന്ത്യയിലെ

കർഷകർക്ക് എല്ലാവിധ സംരക്ഷണവും ഉറപ്പുനൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കാർഷിക മേഖലയിലെ ഇടനിലക്കാരെയും കമ്മീഷൻ ഏജന്റുമാരെയും ഒഴിവാക്കി കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ എവിടെയും കൊണ്ടുപോയി വിൽക്കാൻ അധികാരം നൽകുന്നതാണ് പ്രസ്തുത നിയമങ്ങൾ. ഈ നിയമത്തെ എതിർക്കുന്നവർ കർഷക താത്പര്യങ്ങൾക്കെതിരായി നിൽക്കുന്നവരാണ്. കോൺഗ്രസ് അവരുടെ പ്രകടന പത്രികയിൽ പറഞ്ഞിരുന്നതും സി.പി.ഐ(എം) അവരുടെ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുമാണ് ഈ നിയമം. കേന്ദ്ര സർക്കാർ ഈ നിയമങ്ങൾ പാസാക്കിയത് കർഷകരുടെ വരുമാനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ്. ഏത് പ്രശ്നം വന്നാലും ശ്രീ. നരേന്ദ്ര മോദിയെ വിമർശിച്ചാലേ തൃപ്തിവരികയുള്ളൂവെന്ന് ചില ആളുകൾ ചിന്തിക്കുന്നുണ്ട്, അതങ്ങനെതന്നെയിരിക്കട്ടെ, എന്നാൽ അതിന്റെ ആവശ്യകതയില്ല. എല്ലാ സംസ്ഥാനങ്ങൾക്കും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ നിയമങ്ങളുണ്ട്. സമരം ചെയ്യുന്ന കർഷകരെ കാണാൻ പ്രധാനമന്ത്രി തയ്യാറായില്ലെന്ന് ഇവിടെ പറഞ്ഞു, എന്നാൽ പ്രധാനമന്ത്രി

അതിന് തയ്യാറായിരുന്നു. സമരം ചെയ്യുന്നവരുടെ നേതാക്കന്മാർ പറഞ്ഞത് എന്താണെന്നറിയാമോ, 'ആദ്യം ആ നിയമങ്ങളൊക്കെ മാറ്റട്ടെ, അതിനുശേഷം സംസാരിക്കാം ' എന്നാണ്. അത്തരത്തിലൊരു വ്യവസ്ഥ വച്ചുകൊണ്ടാണ് ചർച്ച നടക്കാതിരുന്നത്. ചർച്ചകൾക്ക് ആരും വിമുഖരല്ല, ഇപ്പോഴും ചർച്ച ചെയ്യാം. കേന്ദ്രഭരണാധികാരികളും യഥാർത്ഥ കർഷക സംഘടനകളുടെ നേതാക്കന്മാരും ഒരുമിച്ചിരുന്ന് വിഷയങ്ങൾ ചർച്ച ചെയ്ത് ഉചിതമായ രീതിയിൽ പരിഹാരം കണ്ടെത്തേണ്ടതാണ്. അതിനായി ഈ സഭയിൽ നടക്കുന്ന ചർച്ചകൾ ഉപകാരപ്രദമാകുമെന്നാണ് എന്റെ വിശ്വാസം. അതിന് വിരുദ്ധമായി ഇവിടെ നടത്തുന്ന പരാമർശങ്ങളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. മാണി. സി. കാപ്പൻ: സർ, നമ്മുടെ രാജ്യത്തിന്റെ തലസ്ഥാനത്തിൽ കൊടുംതണുപ്പിലും സമരവീര്യമണയാതെ പ്രക്ഷോഭത്തിൽ ഉറച്ചുനിൽക്കുകയാണ് കർഷകർ. 32 കർഷകർ ഇതിനോടകം തണുപ്പ് ബാധിച്ചുമരിച്ചു കഴിഞ്ഞു. അതിനാൽ കർഷക പ്രക്ഷോഭം കണ്ടില്ലെന്നു നടിക്കാനോ അടിച്ചമർത്താനോ കേന്ദ്ര സർക്കാരിന് കഴിയില്ലെന്ന് ഞാൻ

ഉറച്ചുവിശ്വസിക്കുന്നു. ഇന്ത്യയുടെ മഹത്തായ പാർലമെന്ററി പാരമ്പര്യത്തോടുള്ള വെല്ലുവിളി കൂടിയായിരുന്നു സെപ്റ്റംബർ 20-ന് രാജ്യസഭയിൽ അരങ്ങേറിയത്. ഏതു ബില്ലും നിയമമാകുന്നതിനുമുമ്പ് വേണ്ട ചർച്ചകൾക്കും വിശകലനങ്ങൾക്കുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് വിടണമെന്നുള്ള പാർലമെന്ററി മര്യാദപോലും കാണിക്കാതെ ബില്ലുകൾ ക്ഷണനേരംകൊണ്ട് പാസ്സാക്കിയെടുക്കുകയാണ് ബി.ജെ.പി. ഭരണകൂടം ചെയ്തത്. ഇതിലൂടെ ഒരോ ഇന്ത്യൻ കർഷകനെയും കോർപ്പറേറ്റ് ഭീമൻമാരുടെ ദയാദാക്ഷിണ്യങ്ങൾക്ക് എറിഞ്ഞുകൊടുക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. കർഷക പ്രക്ഷോഭം ഭരണപക്ഷവും പ്രതിപക്ഷവുമായുള്ള വിഷയമാക്കി ചുരുക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഇത് കേന്ദ്ര സർക്കാരിന്റെ വെറും വ്യാമോഹം മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു. കൃഷിയിലും കൃഷിഭൂമിയിലും കർഷക നിയന്ത്രണമില്ലാതാക്കി കുത്തകവത്കരണം ഉറപ്പാക്കുന്നതാണ് പുതിയ കാർഷിക നിയമങ്ങൾ. ഭരണാധികാരിയെന്ന നിലയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനുപകരം പ്രധാനമന്ത്രി കേവലം ഒരു കക്ഷി നേതാവായി

ചുരുങ്ങി കൃഷിയിലെ കോർപ്പറേറ്റ് നിക്ഷേപത്തിനായി ഒരു ലക്ഷം കോടി രൂപ അനുവദിച്ചു കഴിഞ്ഞു. സർക്കാർ നേരിട്ടോ സഹകരണ മേഖല വഴിയോ ഈ പണം കർഷകരിലേയ്ക്ക് എത്തിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഭക്ഷ്യധാന്യ ശേഖരം ഇപ്പോൾത്തന്നെ അധികമാണെന്നും ഇനി ശേഖരിക്കാനാവില്ലെന്നുമാണ് നീതി ആയോഗ് വിദഗ്ദ്ധരുടെ അഭിപ്രായം. സർക്കാരിന് സംഭരണത്തിൽ നിയമപരമായി ബാധ്യതയില്ലെന്നും പറഞ്ഞു, അങ്ങനെ പറഞ്ഞുവയ്ക്കുകയാണിവർ. അതിനാൽ മന്ത്രി പറയുന്ന മിനിമം താങ്ങുവിലയ്ക്കും സർക്കാർ സംഭരണത്തിനുമൊന്നും യാതൊരു അടിസ്ഥാനവുമില്ലെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. കാർഷികോത്പന്നങ്ങളുടെ താങ്ങുവില ഇല്ലാതാകും എന്നതാണ് ഈ ബില്ലിലെ ഗുരുതര പ്രശ്നമെന്ന് ഞാൻ മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നടത്തുന്ന സജീവ ഇടപെടലിലൂടെയാണ് താങ്ങുവില സമ്പ്രദായം ഉടലെടുത്തത്. കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾക്ക് നിശ്ചിത വില ഉറപ്പുവരുത്തുകയാണ് ഇതുവഴി ചെയ്യുന്നത്. എന്നാൽ ഈ ബില്ലുകൾ നിലവിൽ വന്നതോടെ താങ്ങുവിലയെന്ന കർഷകരുടെ പ്രതീക്ഷ അവസാനിക്കുകയാണ്.

മാത്രമല്ല, 2003-ലെ എ.പി.എം.സി. (കാർഷികോല്പന്ന കമ്പോള സമിതി) നിയമത്തിലെ വ്യവസ്ഥകളെ ഇല്ലായ്മചെയ്താണ് പുതിയ ബില്ലിന് സർക്കാർ രൂപം കൊടുത്തത്. പ്രാദേശിക വിലനിലവാരം കണക്കിലെടുത്ത് കാർഷികോല്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത് അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് കമ്മിറ്റിയാണ് (എ.പി.എം.സി.). ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെല്ലാം ഇത്തരത്തിലാണ് കാർഷിക മേഖല പിടിച്ചുനിൽക്കുന്നത്. ഇതുവഴി കർഷകർക്ക് അവരുടെ കാർഷികോല്പന്നങ്ങൾക്ക് വിലകിട്ടുമെന്ന് ഉറപ്പായിരുന്നു. മാത്രമല്ല, സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില ലഭിക്കുകയും ചെയ്യും. ഇത് നമ്മുടെ രാജ്യത്തെ കർഷകർക്ക് വളരെ ഉപകാരപ്രദവും ആശ്വാസകരവുമായിരുന്നു. ഈ ബില്ലിലൂടെ എ.പി.എം.സി. ആക്ട് റദ്ദാക്കുമ്പോൾ കർഷകർ വലിയൊരു ഇരുട്ടടിയാണ് നേരിടുന്നത്. എ.പി.എം.സി. ആക്ട് പ്രകാരം കമ്പോളം അഥവാ മാർക്കറ്റെന്നത് കാർഷികോല്പന്ന കമ്പോള സമിതിയുടെ കീഴിലുള്ള സ്ഥലങ്ങളായിരുന്നു. ഈ സ്ഥലങ്ങളിൽനിന്ന് ഉല്പന്നങ്ങൾ വാങ്ങുക എന്നതാണ് വാങ്ങാൻ വരുന്നവർ ചെയ്യേണ്ടിയിരുന്നത്. ഈ സ്ഥലങ്ങളിൽ അതാത് പ്രദേശത്തെ നിലവാരമനുസരിച്ച് കാർഷികവിളകൾ വിൽക്കുകയാണ് ചെയ്തുകൊണ്ടിരുന്നത്. ഇത്തരം പ്രാദേശിക മാർക്കറ്റുകളെ പൂർണ്ണമായും

തകർക്കുകയാണ് ഈ ബില്ലിലൂടെ കേന്ദ്ര സർക്കാർ നടപ്പിൽവരുത്തിയിരിക്കുന്നത്. പുതിയ കാർഷിക ബിൽ പ്രകാരം എവിടെയാണോ കർഷകർ ഉല്പന്നങ്ങൾ വിൽക്കുന്നത് അവിടെ കമ്പോളമായി തീരും. അതായത്, നമ്മുടെ രാജ്യത്തെ വൻകിട കുത്തകക്കാർക്ക് അവരുടെ ഇഷ്ടപ്രകാരം കമ്പോളം നിശ്ചയിക്കാൻ കഴിയും. അതുവഴി കാർഷിക മേഖല വൻകിട കോ-ഓപ്പറേറ്റുകൾക്ക് തീറെഴുതുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. അതിനാൽ കർഷകന്റെ ജീവിതമാർഗ്ഗത്തെ തുരങ്കംവയ്ക്കുന്ന ഈ കാർഷിക ബില്ലിനെ ഞാനും ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടിയും ശക്തമായി എതിർക്കുന്നു.

കരാർ കൃഷിക്ക് വലിയ പ്രോത്സാഹനമാണ് ഈ ബില്ലിലുള്ളത്. നമ്മുടെ രാജ്യത്തെ പരമ്പരാഗത മേഖലയെ പൂർണ്ണമായും തകർക്കുന്ന ഒന്നാണ് കരാർ കൃഷി. കർഷകർ എന്ത് വിള കൃഷി ചെയ്യണം; എന്ത് വിത്ത് വിതയ്ക്കണം, ഏത് വളം ഉപയോഗിക്കണമെന്നെല്ലാം ഇവിടെ തീരുമാനിക്കുന്നത് കുത്തക കമ്പനിയാണ്. മാത്രമല്ല, ജനിതകമാറ്റം വരുന്ന വിത്തുകളും ഉപയോഗിച്ചേക്കാമെന്നും ഞാൻ വിശ്വസിക്കുന്നു. കരാർ കൃഷി കാർഷിക മേഖലയിലെ വൈവിധ്യത്തെ മാത്രമല്ല, നമ്മുടെ പരമ്പരാഗതമായ വിത്തിനങ്ങളെയും ഇല്ലാതാക്കുന്നു. കരാർ കൃഷി നേരത്തെതന്നെ ഉണ്ടെങ്കിലും ഈ

ബില്ലിലൂടെ ഇന്ത്യയിൽ കൂടുതൽ വ്യാപിപ്പിക്കുമെന്നത് ഉറപ്പാണ്. ഇതുവഴി ചെറുകിട-നാമമാത്രമായ കർഷകർ ഇല്ലാതാകുകയും ചെയ്യും. ലോകത്ത് കർഷകർക്ക് ഇന്ന് ധാരാളം സൗജന്യ സേവനങ്ങൾ സർക്കാരിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇനി അതെല്ലാം വിലകൊടുത്ത് കർഷകർ വാങ്ങേണ്ടിവരുമോയെന്ന ഭീതി കർഷകർക്കുണ്ടെന്ന കാര്യം ഈ അവസരത്തിൽ എടുത്തുപറയുന്നു. മാത്രമല്ല, ഭക്ഷ്യോല്പന്നങ്ങളുടെ വിലനിയന്ത്രണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് സംസ്ഥാന സർക്കാരുകൾക്കുള്ള വിപുലമായ അധികാരങ്ങൾ ദുർബലപ്പെടുമെന്നുള്ള കാര്യവും ഞാൻ ഓർമ്മിപ്പിക്കുന്നു. ജനിതകമാറ്റം വരുത്തിയ വിത്തുകൾ കൃഷിചെയ്യാനുള്ള അനുമതിയും കരാർ കൃഷിയും കാർഷിക മേഖലയ്ക്ക് വലിയ ആഘാതം വരുത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ചെറുകിട-നാമമാത്ര കർഷകർ കൂടുതലുള്ള നമ്മുടെ സംസ്ഥാനത്തെ ഈ നിയമം ദോഷകരമായി ബാധിക്കുന്നതുവഴി കാർഷിക മേഖലയാകെ തകരുകയും ചെയ്യും. അതുവഴി സംസ്ഥാനത്തെ കർഷക ആത്മഹത്യ കൂടുമെന്നതിന് സംശയമില്ല. ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനില്ക്കുന്ന സഹകരണ മാർക്കറ്റിംഗ് സംവിധാനങ്ങൾ - കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സ്വതന്ത്രമായ കാർഷിക പ്രവർത്തനത്തിന്

വിഘാതമാകുന്ന നിർദ്ദേശങ്ങളാണ് ഈ കാർഷിക ബില്ലിലുള്ളത്. അതുകൊണ്ട് കേന്ദ്രസർക്കാർ ഈ കാർഷിക ബില്ലിലൂടെ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ കാലാകാലങ്ങളായി പിന്തുടർന്നുപോകുന്ന കാർഷിക സംസ്കാരത്തിന്റെ മരണമായിരിക്കും ഉണ്ടാകാൻ പോകുകയെന്ന് കൂടുതൽ വ്യക്തമാക്കുകയാണ്.

ഡൽഹിയിൽ സമരം ചെയ്യുന്ന കർഷകർക്ക് ടൺകണക്കിന് പൈനാപ്പിൾ എത്തിച്ചുകൊടുത്ത വാഴക്കുളത്തെ കർഷകരെ ഈ അവസരത്തിൽ ഞാൻ അനുമോദിക്കുകയാണ്. ഇത്തരത്തിൽ കർഷകരെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ കാർഷിക നിയമത്തെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതികളെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയത്തെ പൂർണ്ണതയിലെത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡിസംബർ 23-ാം തീയതി സഭ കൂടാൻ തീരുമാനിച്ചപ്പോഴും അതിന് അവസരം നൽകാത്ത ഗവർണറുടെ ജനാധിപത്യ വിരുദ്ധസമീപനത്തെക്കുറിച്ചുള്ള

ശക്തമായ പ്രതിഷേധം സഭ രേഖപ്പെടുത്തണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അത് അനിവാര്യമായ ഒന്നാണ്. ജനാധിപത്യത്തിലേയ്ക്കുള്ള വലിയൊരു കടന്നുകയറ്റമാണ്. ഗവർണർ സങ്കുചിതമായ രാഷ്ട്രീയ താല്പര്യം മുൻനിർത്തി എന്നുപറയുന്നതിൽ യാതൊരു മടിയും നമ്മൾ കാണിക്കേണ്ടതില്ല. ഈ സഭ ഏകകണ്ഠമായി പ്രമേയത്തിലൂടെ അത് സൂചിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

നിയമസഭകളോ പാർലമെന്റോ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കുന്നത്, കാലോചിതമായ ഭേദഗതികൾ ഓരോ നിയമങ്ങളിൽ കൊണ്ടുവരുന്നത്, അത് രാജ്യതാല്പര്യത്തെയും പൊതുജനതാല്പര്യത്തെയും മുൻനിർത്തിക്കൊണ്ടായിരിക്കണം. എന്നാൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് പാർലമെന്ററിയൻ സംവിധാനങ്ങളെ/നിയമനിർമ്മാണ സഭകളെ നോക്കുകുത്തിയാക്കുന്ന ഒരു സാഹചര്യമാണ് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റിന്റെ കാലഘട്ടം നോക്കിയാലും നമുക്കിത് മനസ്സിലാക്കാൻ കഴിയും. ഇത് ശക്തമായി എതിർക്കപ്പെടേണ്ട ഒന്നാണ്. ഈ കരിനിയമങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകുമ്പോഴും കർഷകർ സമരം ചെയ്യുമ്പോഴും പ്രമേയത്തിൽ

സൂചിപ്പിച്ചതുപോലെ രാജ്യത്ത് 32 കർഷകരുടെ ജീവൻ ഈ സമരത്തിന്റെ ഭാഗമായി സമരവേദിയിൽ ഹോമിക്കപ്പെട്ടിരിക്കുകയാണ്. ഇത്രമാത്രം ശക്തമായ സമരത്തിലേയ്ക്ക് കർഷകർ നീങ്ങുമ്പോൾ, ഗവൺമെന്റ് കഴിഞ്ഞ ദിവസവും ചർച്ചയ്ക്ക് തയ്യാറായി; ചർച്ചയ്ക്ക് തയ്യാറാകുന്നതും ഒരു പുനർചിന്തനത്തിലേയ്ക്ക് അവർ കടന്നുവരുന്നതായുമുള്ള സൂചനകൾ വരുന്നതും കർഷകരുടെ ശക്തമായ പ്രതിഷേധത്തിനുമുന്നിൽ മുട്ടുമടക്കുന്ന ഒന്നായി വരുന്നു. കർഷകരുടെ ശക്തി എത്രമാത്രമാണ്, കർഷക സമൂഹത്തിന്റെ ശക്തി എത്രമാത്രമാണെന്നുള്ളത് വിളിച്ചറിയിക്കുന്ന ഒന്നുതന്നെയായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒന്ന്, ഈ നിയമങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ ഫെഡറൽ സംവിധാനത്തിന് മുകളിലുള്ള കടന്നുകയറ്റമാണ്. അത് അംഗീകരിച്ചുകൊടുക്കാൻ കഴിയുന്ന ഒന്നല്ല. ഇവിടെ എസൻഷ്യൽ കമ്മോഡിറ്റി ആക്ടിൽ കൊണ്ടുവരുന്ന ഭേദഗതികൾ ഏറ്റവും ഗൗരവമായി കാണേണ്ട ഒന്നാണ്. സംഭരണ-വിതരണ സംവിധാനങ്ങളെ താളംതെറ്റിക്കുന്ന രീതിയിലേയ്ക്ക് അത് മാറാൻപോകുന്നു. യാതൊരു സംശയവുമില്ല, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഇത് രാജ്യത്തിന്റെ പൊതുവിതരണ സംവിധാനത്തെ അട്ടിമറിക്കുന്നതിലേയ്ക്ക് പോകുകയാണ്.

കരാർ കൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് വരുന്നു, താങ്ങുവിലകൾ ഇല്ലാതാകുന്നു, എ.പി.എം.സി.കൾ, mandi-കൾ, പ്രാദേശിക മാർക്കറ്റുകൾ എന്നിവ ഇല്ലാതാകുന്ന സാഹചര്യം വരുന്നു. കർഷകർക്ക് വായ്പാ സൗകര്യം അന്യമായിപോകുന്ന സാഹചര്യം വരുന്നു. ഇവിടെ ബി.ജെ.പി.-യുടെ ബഹുമാനപ്പെട്ട അംഗം ഒ. രാജഗോപാൽ സൂചിപ്പിച്ചതുപോലെ കമ്മീഷൻ ഏജൻസികൾ അടക്കമുള്ള കാര്യങ്ങൾ വരുമ്പോൾ, ചെറുകിട വായ്പകൾ ലഭിക്കുന്ന സാഹചര്യങ്ങൾപോലും ഇല്ലാതാകുമ്പോൾ (അവരെ ഇറാഡിക്കേറ്റ് ചെയ്യുമ്പോൾ) അത് സ്വാഭാവികമായും കരാർ കൃഷിയിലേയ്ക്ക് കർഷകരെ വീണ്ടും തള്ളിവിടുന്ന സാഹചര്യത്തിലേയ്ക്ക് വരുന്നു. കോർപ്പറേറ്റുവൽക്കരണത്തിന്റെ ഏറ്റവും മനോഹരമായ/ശാസ്ത്രീയമായ ഇടപെടലാണ് മോദി സർക്കാർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അനിയന്ത്രിതമായ ശേഖരണത്തിലൂടെ ഈ പ്രതിസന്ധി കൂടുതൽ വഷളാകുമ്പോൾ ചെറുകിട-നാമമാത്ര കർഷകർ ആത്മഹത്യയുടെ വക്കിലേയ്ക്ക് എത്തിച്ചേരുമെന്നത് ലളിതമായി കാണാൻ കഴിയുന്ന ഒന്നല്ല. പരമ്പരാഗത ചന്തകൾ ഇല്ലാതാകുന്നതോടെ വൻകിട കമ്പനികൾക്ക് എവിടെയും കാർഷികവിളകൾ വാങ്ങുന്ന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുന്നു. ഇത് തീർച്ചയായും ആദ്യമേ സൂചിപ്പിച്ചതുപോലെ അപകടകരമായ സാഹചര്യങ്ങളിലേയ്ക്ക്

നീങ്ങുന്നു. ഏറ്റവും ഒടുവിൽ ഏത് വിളകൾ ഉല്പാദിപ്പിക്കണമെന്നതുതന്നെ ഇവർ നിശ്ചയിക്കുന്ന നിലയിലേയ്ക്ക് മാറുന്ന സാഹചര്യമാണ് വരാൻപോകുന്നത്. ഈ സമരത്തെ വളരെ ആശങ്കയോടെയാണ് ലോകമൊട്ടാകെ നോക്കിക്കാണുന്നത്. വിവിധ ലോക രാഷ്ട്രങ്ങൾപോലും ഇതിനെതിരെ ശക്തമായി പ്രതികരിക്കുന്ന സാഹചര്യത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഈ കോർപ്പറേറ്റ് വൽക്കരണത്തെ ശക്തമായി എതിർക്കാൻ നമുക്ക് കഴിയണം. ഈ കരിനിയമങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾപോലും നൽകില്ലെന്ന ഭീഷണിവരെ ഉയർത്തുകയാണ്. ആദ്യം പറഞ്ഞ ഫെഡറൽ സംവിധാനത്തിലേയ്ക്കുള്ള വീണ്ടുംവീണ്ടുമുള്ള കടന്നുകയറ്റത്തിലേയ്ക്ക് ഇവർ പോകുകയാണ്. എന്തും ചെയ്യാൻ കഴിയുന്ന ഏകാധിപത്യ പ്രവണതയെ ശക്തമായി എതിർക്കാൻ നമുക്ക് കഴിയണം. രാജ്യത്ത് അഞ്ച് ഏക്കറിൽ താഴെ കൃഷിചെയ്യുന്ന ബഹുഭൂരിഭാഗം വരുന്ന നാമമാത്ര-ചെറുകിടകർഷകർക്കുവേണ്ടി ശക്തമായ ശബ്ദമായി നമ്മുടെ നിയമസഭയ്ക്ക് മാറാൻ കഴിയണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഈ കരിനിയമങ്ങൾ പിൻവലിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

(<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):</u> സർ, ഇവിടെ അവതരിപ്പിച്ച സമഗ്രവും സമ്പൂർണ്ണവുമായ പ്രമേയം സഭ പാസ്സാക്കുമ്പോൾ അത് ചരിത്രത്തിന്റെ ഭാഗമാകുകയാണ്. കേരളത്തിലെ കാർഷികമേഖലയെയും അതോടൊപ്പം നമ്മുടെ രാജ്യത്തിന്റെ സുപ്രധാനമായ സമ്പദ്ഘടനയെയും ബാധിക്കുന്ന കാര്യം കൂടിയാണ്. കാർഷികമേഖലയും കാർഷികരംഗവും നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ അടിസ്ഥാനഘടകമാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഈ മൂന്ന് നിയമങ്ങളും ആ സമ്പദ്ഘടനയെ തകർക്കുന്നതാണെന്ന് എല്ലാവർക്കുമറിയാം. ഈ രംഗത്ത് മാത്രമല്ല, രാജ്യത്തെ അതിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ തകർച്ചയിലേയ്ക്ക് നയിക്കുകയാണ്. സാമ്പത്തിക സ്വാതന്ത്ര്യം തകർന്നാൽ അത് രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ഭരണഘടനാമൂല്യങ്ങൾ വലിച്ചെറിഞ്ഞ്, ഫെഡറൽ സമ്പ്രദായം തകർത്ത് ഏകപക്ഷീയമായി കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന ഓരോ നീക്കങ്ങളും നടപടികളും ഒരു ജനാധിപത്യ രാജ്യത്തിന്റെ സർവ്വനാശത്തിലേയ്ക്ക് നയിക്കുന്ന കാര്യമായി മാറുകയുമാണ്.

അതുകൊണ്ട് കാർഷികരംഗത്ത് സ്വീകരിക്കുന്ന നടപടികൾ ഓരോന്നും ബഹുരാഷ്ട്ര കുത്തക ശക്തികൾക്കുവേണ്ടി നടത്തുന്ന പദ്ധതി മാത്രമാണെന്ന് ലോകം തിരിച്ചറിയുമെന്ന കാര്യത്തിൽ സംശയമില്ല. ലോകവും രാജ്യവും കോവിഡ് മഹാമാരി ഉൾപ്പെടെയുള്ള കാര്യങ്ങൾ നേരിടുന്ന സന്ദർഭത്തിൽ രാജ്യത്തെ ജനങ്ങളെയും ഐക്യത്തേയും തകർക്കുന്ന ഛിന്നഭിന്നമാക്കുന്ന കേന്ദ്രനയം വാസ്തവത്തിൽ കർഷകദ്രോഹനയം മാത്രമല്ല, അത് രാജ്യദ്രോഹനയം കൂടിയാണെന്ന് പറയേണ്ട സാഹചര്യത്തിലെത്തി നിൽക്കുകയാണ്. മദ്ധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ സ്വീകരിച്ചിട്ടുള്ള ചില പ്രഖ്യാപനങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല; അതൊക്കെ ഈ രാജ്യം കാണുകയാണ്. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി കാർഷികരംഗത്തോടും കർഷകരോടും സ്വീകരിച്ച ദർശനങ്ങളും കാഴ്ചപ്പാടുകളും ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളും വിസ്മരിക്കുകയാണ്, തകർക്കുകയാണ്. അങ്ങനെ ഒരു രാജ്യം എന്ന നിലയ്ക്ക് അഖണ്ഡതയും ഐക്യവും സംരക്ഷിക്കാൻ കഴിയാത്തവിധം വിനാശകരമായ ഓരോ ഭരണ-നിർവ്വഹണ പരിപാടികളും ജനങ്ങൾക്കും രാജ്യത്തിനും

എതിരായ വെല്ലുവിളിയാണ്. എന്തുകൊണ്ടും ഈ കർഷകദ്രോഹനയം കേവലം നിസ്സാരമായി കാണാൻ കഴിയില്ല. അത് ഈ രാജ്യത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നതാണെന്നതുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരം അതുവഴി ഈ രാജ്യത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യംപോലും നഷ്ടപ്പെടുത്തുന്ന അത്യന്തം ഭയാനകമായ സാഹചര്യം സൃഷ്ടിക്കുന്ന സന്ദർഭത്തിൽ അതിനെതിരായി നടത്തുന്ന എല്ലാ നീക്കങ്ങളും ശ്രദ്ധേയമാണ്. കേരളത്തിലെ കർഷകരുടെ ക്ഷേമ താൽപ്പര്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമഗ്രമായും വസ്തുതാപരമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയവും ഇന്ത്യയിൽ മാതൃകയായി മാറും. എല്ലാ ചരിത്രവും സൃഷ്ടിക്കുന്ന സംസ്ഥാനത്തിന് അതിന് സാധിക്കട്ടെയെന്നുമാത്രം ആഗ്രഹിച്ചുകൊണ്ട്, പുതുവർഷത്തിലേയ്ക്ക് കടക്കുകയാണ്. ഇന്ന് ഒരു വർഷം അവസാനിക്കുകയാണ്. പുതുവർഷം ആരംഭിക്കുമ്പോൾ ഇന്ത്യയ്ക്കാകമാനം പ്രതിധ്വനിക്കാനും പ്രതികരിക്കാനും കഴിയുന്ന കർഷക വിഷയം സംബന്ധിച്ച പ്രമേയം ഇന്ത്യയ്ക്കുതന്നെ പുതുവർഷ സംഭാവനയായി തീരുമെന്ന് പ്രതീക്ഷിക്കുകയാണ്. നന്മകളും സന്തോഷവും ഐശ്വര്യവും നിറഞ്ഞ

പുതുവത്സരം കൂടി ആശംസിച്ചുകൊണ്ട് ഞാൻ എന്റെ ഹ്രസ്വമായ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇന്ത്യയിൽ കരിനിയമങ്ങൾ നടപ്പിലാക്കുന്നത് പതിവാക്കിയ ഒരു സർക്കാരാണ് ഭാരതം ഭരിക്കുന്നത്. പല കരിനിയമങ്ങൾക്കെതിരെയും സഭ കഴിഞ്ഞതവണ പ്രമേയം പാസ്സാക്കിയിരുന്നു. ഇന്ത്യയിലെ കർഷകരെ രക്ഷിക്കാനെന്ന പേരിൽ ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കൊണ്ടുവന്നിരിക്കുന്ന ഈ നിയമങ്ങൾ കർഷകർ എന്നൊരു വിഭാഗത്തിൽപ്പെട്ട ജനങ്ങളെ ഇന്ത്യയിൽനിന്ന് തുടച്ചുമാറ്റുകയെന്ന ലക്ഷ്യത്തോടുകൂടിയാണ്. ഇന്ത്യയിൽ എത്ര കർഷകരുണ്ടെന്ന് സർക്കാരിന്റെ കയ്യിൽ യാതൊരു കണക്കുമില്ല. എന്നാൽ ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്ന കർഷകരുടെ എണ്ണം പന്ത്രണ്ടായിരത്തിലധികമുണ്ടെന്ന കണക്ക് കൃത്യമായുണ്ട്. സമരം തുടങ്ങിയശേഷം സമരഭൂമിയിൽ വച്ച് മരിച്ച 34 കർഷകരും ആത്മഹത്യ ചെയ്തവരുടെ ലിസ്റ്റിൽപെടേണ്ടവരാണ്. അവർ കാർഷിക മേഖലയ്ക്കുവേണ്ടി ത്യാഗം ചെയ്തവരാണ്. ഇത്തരത്തിൽ കണക്കുകളില്ലാത്ത ഒരു രാജ്യത്ത്

കർഷകൻ എന്ന വിഭാഗത്തെ ഇല്ലാതെയാക്കാനാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. കർഷകന്റെ ഭൂമിയെല്ലാം കുത്തകകൾക്ക് പാട്ടം കൊടുക്കാനും വിലയ്ക്ക് വാങ്ങാനും ഭൂപരിധി നിയമങ്ങൾ ലംഘിച്ചുകൊണ്ട് കൈക്കലാക്കാനും കഴിയുന്ന നിയമത്തിലൂടെ കർഷകർ മുഴുവൻ കർഷകത്തൊഴിലാളികളായി മാറുകയാണ്. പ്രത്യേകിച്ചും കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ കൃഷി ചെയ്യുന്ന കർഷകത്തൊഴിലാളി കൃഷിയിടങ്ങളുടെ ഉടമയാകുകയും അവൻ കർഷകനെന്ന നിലയിൽ അഭിമാനംകൊള്ളുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. തമിഴ്‌നാട് ഉൾപ്പെടെയുള്ള ഇന്ത്യയിലെ പല സംസ്ഥാനങ്ങളും അങ്ങനെയായിക്കഴിഞ്ഞു. കാരണം കൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകർ, കൃഷി ഭൂമികൾ അവരുടേതാക്കി മാറ്റി കൃഷി ചെയ്ത് അവരുടെ ഉത്പന്നങ്ങൾ ഇഷ്ടമുള്ളവർക്ക് നല്ല വിലയ്ക്ക് എവിടെവച്ചും വിൽക്കാൻ അവർക്ക് അവകാശമുണ്ട്. മറിച്ച്, ഈ നിയമം വന്നുകഴിഞ്ഞാൽ കർഷകൻ എന്ത് ഉത്പ്പാദിപ്പിക്കണമെന്ന് കുത്തക മുതലാളിമാരും കമ്പനികളും തീരുമാനിക്കണം. അത് എവിടെ, എന്തുവിലയ്ക്ക്, എങ്ങനെ വിൽക്കണമെന്ന് തീരുമാനിക്കുന്നതും കുത്തക മുതലാളിയായിരിക്കും.

കർഷകന്റെ ഇന്ത്യ എന്ന സ്വതന്ത്ര രാജ്യത്തിൽ കർഷകന്റെ എല്ലാ അവകാശങ്ങളെയും ഹനിക്കുന്ന കരിനിയമങ്ങളാണ് ഇന്ത്യ ഗവൺമെന്റ് പാസ്സാക്കിയ ഈ മൂന്ന് നിയമങ്ങൾ. ബഹുമാനപ്പെട്ട ഒ. രാജഗോപാൽ ഇവിടെ പറഞ്ഞതുപോലെ കർഷകരെ നന്നാക്കാനാണെന്ന് തോന്നും, പലപ്പോഴും തോന്നിയിട്ടുണ്ട്. ഈ സഭയിൽ ആസിയാൻ (Association of South East Asian Nations) കരാറിനെയും ഗാട്ട് (ജനറൽ എഗ്രിമെന്റ് ഓൺ താരിഫ് ആൻഡ് ട്രേഡ്) കരാറിനെയും എതിർത്തുകൊണ്ട് ചർച്ചകൾ നടത്തുകയും പ്രമേയങ്ങൾ പാസ്സാക്കുകയും പ്രതിഷേധങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്ന് അതെല്ലാം കണ്ടില്ലെന്ന് നടിക്കുകയും ഗാട്ട് കരാറിലും ആസിയാൻ കരാറിലും ഒപ്പിട്ടതിന്റെ ഫലമായി കേരളത്തിലെ റബ്ബർ കർഷകരുടെ നടുവൊടിഞ്ഞത് മറക്കരുത്. അക്കാര്യം കേരള നിയമസഭയിൽ പറഞ്ഞപ്പോൾ സാരമില്ലെന്ന മട്ടിൽ ഗാട്ട് കരാറിലും ആസിയാൻ കരാറിലും ഒപ്പിട്ടു. ഗാട്ട് കരാറിനെക്കുറിച്ച് എം. പി. വീരേന്ദ്രകുമാർ സാർ എഴുതിയ ബുക്ക് നമ്മൾ വായിച്ചിട്ടുണ്ട്. ഇപ്പോഴുമത് ബുക്ക്സ്റ്റാളുകളിൽ ലഭിക്കും; വായിക്കണം. വരാൻപോകുന്ന അപകടങ്ങളെക്കുറിച്ച് അതിൽ ചൂണ്ടിക്കാണിച്ചപ്പോൾ

ഭരണകർത്താക്കൾ വളരെ നിസ്സാരമായി കണ്ടു. ഇങ്ങനെയുള്ള ഭരണകർത്താക്കൾ ഇന്ത്യ ഭരിക്കുമ്പോൾ പാവപ്പെട്ടവന്റെ നട്ടെല്ലൊടിഞ്ഞാൽ അത്ഭുതപ്പെടാനില്ല. കർഷകർ ഇല്ലാതാകുകയും ഭൂവുടമകൾ ജന്മികളിൽനിന്ന് പിടിച്ചെടുത്ത് കർഷകത്തൊഴിലാളി കൃഷി ചെയ്യുന്ന കൃഷിഭൂമിയെല്ലാം വീണ്ടും കുത്തക മുതലാളികളുടേതായി മാറുകയും ആ ഭൂമിയിൽ പണിയെടുക്കുന്ന വെറും കർഷകത്തൊഴിലാളികളായി നമ്മുടെ രാജ്യത്തെ കർഷകർ മാറുകയും ചെയ്യുന്നു. കൂലി വാങ്ങി പണിയെടുത്തുപോകുന്ന അടിമകളായി ഇന്ത്യയിലെ കർഷകനെ മാറ്റാൻ ശ്രമിക്കുന്ന കരിനിയമം അടിയന്തരമായി പിൻവലിച്ചുകൊണ്ടുവേണം ചർച്ച ചെയ്യാൻ. ശ്രീ. ഒ. രാജഗോപാൽ ഇവിടെ പറഞ്ഞത്, പിൻവലിച്ചിട്ട് വരുവെന്ന് കർഷക നേതാക്കൾ പറഞ്ഞു. അദ്ദേഹം ബഹുമാനത്തോടെ പറഞ്ഞു. എന്തിനാണ് പിൻവലിക്കുന്നത്? ഇത്തരത്തിൽ ഒരു നിയമം, ഇന്ത്യൻ ജനസംഖ്യയുടെ 83 ശതമാനമായ കർഷകരെ ബാധിക്കുന്ന നിയമം ഇന്ത്യയിൽ നടപ്പിലാക്കിയപ്പോൾ ആരോട് ചർച്ച ചെയ്തു? പാർലമെന്റിൽ പോലും ചർച്ച ചെയ്തില്ല. വോട്ടിടണമെന്ന് പാർലമെന്റിൽ ആവശ്യപ്പെട്ടപ്പോൾ ഒരു സ്വിച്ച് ഞെക്കി വോട്ടിടാൻ

തയ്യാറാകാതെ ബഹളത്തിനിടയിൽ പാസ്സാക്കിക്കൊണ്ട് പോകേണ്ടൊരു നിയമമാണോ ഇത്? ഇന്ത്യൻ ജനസംഖ്യയുടെ 83 ശതമാനം വരുന്ന കർഷകരെ ബാധിക്കുന്ന നിയമം ഈ രാജ്യത്ത് ചർച്ച ചെയ്യപ്പെടാതെ പാസ്സായി പോയാൽ, രാത്രി എട്ടര മണിക്ക് നോട്ട് നിരോധിച്ചതുപോലെയും ഇന്ത്യയിലെ മതേതരത്വം തകർക്കുന്ന പൗരത്വ ബിൽ നടപ്പിലാക്കിയതുപോലെയും ബലം പ്രയോഗിച്ച് നടപ്പിലാക്കേണ്ട കരിനിയമമാണോ കർഷകരെ ബാധിക്കുന്ന ഈ നിയമം? അതുകൊണ്ടാണ് ഈ നിയമം പിൻവലിച്ചതിനുശേഷം കർഷക സംഘടനകളുമായി നിയമസഭകളിലും ജനാധിപത്യ സംവിധാനങ്ങളിലും ചർച്ച ചെയ്തശേഷം ഈ നിയമം കൊണ്ടുവരണമെന്ന് നമ്മൾ ആവശ്യപ്പെട്ടത്. അല്ലാതെ ശ്രീ. നരേന്ദ്ര മോദിയോടുള്ള എതിർപ്പുകൊണ്ട് അദ്ദേഹം കൊണ്ടുവന്ന ഏത് നിയമത്തേയും നമ്മൾ എതിർക്കുമെന്ന് പറയേണ്ട കാര്യമില്ല. നമ്മൾ അങ്ങനെ പറഞ്ഞിട്ടില്ല. ഇതൊരു വലിയ വിഷയമാണ്. ഇത്തരം ജനകീയ പ്രശ്നം ചർച്ച ചെയ്ത് നിയമത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തണം. കർഷകർക്ക് വില കിട്ടുന്നതിനൊന്നും ആരും എതിരല്ല. താങ്ങുവില എടുത്തുകളയുക. ആരാണ്

താങ്ങുവില തീരുമാനിക്കുന്നത്? റിലയൻസും അംബാനിയും അദാനിയും പോലുള്ള കുത്തക മുതലാളിമാർ താങ്ങുവില തീരുമാനിക്കും. ആ വിലയ്ക്ക് കൊടുക്കാൻ നിർവ്വാഹമാകും; കാണുമ്പോൾ രസമാണ്. ആദ്യം കുറച്ച് വില കൂട്ടികിട്ടും. അത് കണ്ടുകൊണ്ട് എല്ലാ mandi-കളും ചന്തകളും അടച്ച്, കേരളത്തിലെ കൃഷി വകുപ്പിന് കീഴിലുള്ള വിപണികൾ പോലുള്ള സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടിക്കഴിയുമ്പോൾ കർഷകനോട് അവർ നിശ്ചയിക്കും വില. നിങ്ങൾ ഈ വിലയ്ക്ക് തന്നാൽ എടുക്കാം; അല്ലെങ്കിൽ വേണ്ട എന്നു വരും. ഭൂമിയെല്ലാം എഴുതി വാങ്ങി പാട്ടത്തിനെടുക്കും.

പൂഴ്ത്തിവയ്പ്പ് എന്ന അപകടംകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്താം. മുഖ്യമന്ത്രിയുടെ പ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയാനുള്ള ഇന്ത്യയിലെ നിയമവ്യവസ്ഥകളിലെ ശക്തി ഇതോടെ ക്ഷയിക്കുകയാണ്. ഏത് സാധനവും, ഉരുളക്കിളങ്ങിന് വിലകുറഞ്ഞിരിക്കുമ്പോൾ വാങ്ങി സംഭരിച്ചാൽ ഉരുളക്കിഴങ്ങിനുവേണ്ടി ജനങ്ങൾ അലയുമ്പോൾ അത് പൂഴ്ത്തിവയ്ക്കാനും വിദേശത്തേയ്ക്ക് കയറ്റി അയച്ച് കൂടുതൽ പണം വാങ്ങാനും കുത്തക മുതലാളിമാർക്ക് അവസരം കൊടുക്കുന്ന

ഈ നിയമഭേദഗതി ഇന്ത്യയിലെ ഭക്ഷ്യമേഖലയിലെ കൺസ്യൂമർമാരുടെയും ജനങ്ങളുടെയും പ്രശ്നത്തിൽ ഏറ്റവും അപകടകാരിയായ വകുപ്പാണ്. ആർക്കും പൂഴ്ത്തിവയ്ക്കാം; ഇന്ന് പൂഴ്ത്തിവച്ചാൽ അത് പിടിച്ചെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഉദ്യോഗസ്ഥർക്ക് കടന്നുചെന്ന് പിടിച്ചെടുത്ത് ജനങ്ങൾക്ക് അത് വിതരണം ചെയ്യാം. ഫെഡറൽ സംവിധാനത്തിൽ നൽകിയിരിക്കുന്ന ഇത്തരം അധികാരങ്ങളെല്ലാം എടുത്തുകളഞ്ഞുകൊണ്ട് ഏത് കുത്തക മുതലാളിക്കും എവിടെയും പൂഴ്ത്തിവയ്ക്കാനും കരിഞ്ചന്ത നടത്താനും കഴിയുന്ന സാഹചര്യം സൃഷ്ടിക്കുന്ന നിയമം, അത് കർഷകനെ സഹായിക്കാനും വില കിട്ടാനുമാണെന്ന് പറയുന്ന മണ്ടത്തരം, ഈ രാജ്യത്ത് കേട്ടുകൊണ്ടിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് കേരളത്തിലെ നിയമസഭ ഇത്തരത്തിലൊരു പ്രമേയം അവതരിപ്പിക്കാൻ ഒത്തുകൂടുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നത്.

ഗവർണർ കേന്ദ്ര മന്ത്രിസഭയുടെ ശമ്പളക്കാരനല്ല. ഇവിടെ പ്രതിപക്ഷം പറഞ്ഞത് മുഖ്യമന്ത്രി എന്താണ് ഗവർണറെ ചീത്ത പറയാത്തത് എന്നാണ്. അത് മുഖ്യമന്ത്രിയുടെ സംസ്കാരത്തിന്റെ തെളിവാണ്. അങ്ങനെ

ഗവർണറുമായി യുദ്ധം ചെയ്യാനുള്ള ഒരു വേദിയല്ല കേരള നിയമസഭ. ഒരു ഡേറ്റ് ചോദിച്ചു, അതിന് അസൗകര്യം പറഞ്ഞു, രണ്ടാമതൊരു ഡേറ്റ് ചോദിച്ചു, അത് അനുവദിച്ചു. ഗവർണറെ അധിക്ഷേപിച്ച് വഴക്കിലേയ്ക്ക് പോകുന്നത് ഭരണഘടനയിൽ ഭംഗിയുള്ള കാര്യമല്ലെന്നതുകൊണ്ടാണ് മുഖ്യമന്ത്രി അത്തരത്തിലൊരു മാന്യമായ നിലപാടെടുത്തത്. അതിൽ ഒരു തെറ്റുമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മിതത്വം പാലിക്കണം. ആരെയും കയറി അധിക്ഷേപിക്കുന്നത് നല്ലതിനല്ല. കഴിഞ്ഞ മൂന്നുനാല് മാസമായി ഈ ഗവൺമെന്റിനെ അധിക്ഷേപിച്ചവർക്ക് ജനങ്ങൾ നൽകിയ മറുപടി എന്താണെന്ന് നമുക്കറിയാം. അതുകൊണ്ട് അത്തരമൊരു സംസ്കാരത്തിലേയ്ക്ക് പോകാത്തതിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. ഈ ബില്ലിനെതിരെയുള്ള പ്രമേയം ഐകകണ്ഠ്യേന നമ്മളെല്ലാവരും ചേർന്ന് അവതരിപ്പിക്കുന്ന ഈ പ്രമേയം .....

<u>ശ്രീ. പി. ടി. തോമസ്</u>: സ്വർണ്ണകള്ളക്കടത്തൊക്കെ ശരിയാണെന്നാണോ പറയുന്നത്?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അതൊക്കെ

കോടതിയിലിരിക്കുന്ന കാര്യങ്ങളാണ്, ഗവൺമെന്റിന്റെ കാര്യങ്ങളല്ല. ഗവൺമെന്റിനെതിരെ നിങ്ങൾ പറഞ്ഞത് ശരിയല്ലായെന്ന് ജനങ്ങളുടെ കോടതിയിൽ പറഞ്ഞുകഴിഞ്ഞു. ഇനി അതിനെക്കുറിച്ച് ചർച്ച ചെയ്യണമെങ്കിൽ എട്ടാം തീയതി തുടങ്ങുന്ന നിയമസഭയിൽ ആകാം. ഈ കരിനിയമങ്ങൾക്കെതിരെ നിയമസഭ കൊണ്ടുവന്ന പ്രമേയത്തെ, എല്ലാകാലത്തും അഭിമാനകരമായി ഇത്തരം തെറ്റായ നിലപാടുകൾക്കെതിരെ പ്രമേയം കൊണ്ടുവരികയും പ്രതിഷേധിക്കുകയും ചെയ്ത കേരള നിയമസഭ അഭിമാനകരമായി കൊണ്ടുവന്ന ഈ പ്രമേയത്തെ ഞാനും എന്റെ പാർട്ടിയും ശക്തമായി പിന്തുണയ്ക്കുന്നു, പ്രതിഷേധത്തിൽ ഞങ്ങളും പങ്കുചേരുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. രാജ്യം കണ്ടിട്ടുള്ള ഏറ്റവും വലിയ സമരമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ആരെയും തോൽപ്പിക്കുന്നതിനുവേണ്ടിയുള്ള സമരമല്ല, മറിച്ച് ജനിച്ചുവീണ മണ്ണിൽ ജീവിക്കാൻ വേണ്ടിയുള്ള ഒരു സമരമാണിത്. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നിലകൊള്ളുന്ന ബഹുഭൂരിപക്ഷം വരുന്ന കർഷകർ ഇന്ന്

സമരപന്ഥാവിലാണ്. ലോകത്തിലെ എല്ലാ രാജ്യങ്ങളും ഡൽഹിയിൽ നടക്കുന്ന സമരത്തെ ഉറ്റുനോക്കുകയാണ്. സെപ്റ്റംബർ 20-ന് പാസ്സാക്കിയ ഈ മൂന്ന് കരിനിയമങ്ങളും രാജ്യത്തിന് അപമാനമാണ്. നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരുപാട് നിയമങ്ങൾ നടപ്പിലാക്കി. ആ നിയമങ്ങളെക്കാളും അതിരൂക്ഷമായ, തീക്ഷ്ണതയുള്ള ഒരു നിയമമാണ് ഇന്ന് രാജ്യത്ത് നരേന്ദ്രമോദിയും മറ്റ് ഭരണാധികാരികളും ലക്ഷക്കണക്കിന് വരുന്ന കർഷകർക്ക് മീതെ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. സമരം നടത്തുന്നവർക്ക് ആഹാരമോ കുടിക്കാൻ വെള്ളമോ ഇല്ലാതെ കൊടുംതണുപ്പിൽ അവർ വിറങ്ങലിച്ച് നിൽക്കുകയാണ്. പുതയ്ക്കാൻ അവർക്ക് പുതപ്പില്ല. അത്രയ്ക്ക് ദയനീയ അവസ്ഥയിലേയ്ക്ക് നമ്മുടെ രാജ്യത്തെ കർഷകർ മാറിക്കൊണ്ടിരിക്കുകയാണ്. സോഷ്യൽ ഡിസ്റ്റൻസിംഗ് രാജ്യത്ത് നടപ്പിലാക്കുമ്പോൾ സമരം ചെയ്യുന്ന പാവപ്പെട്ട കർഷകർ അതൊന്നും നോക്കുന്നില്ല. എന്തുകൊണ്ടാണ്? അവർക്ക് ജീവിക്കാൻ വേണ്ടിയാണ്. അത്തരം കാര്യങ്ങൾ പോലും നോക്കാതെയാണ് അവർ സമരം നടത്തിക്കൊണ്ടിരിക്കുന്നത്. കർഷകർ നടത്തുന്ന ഈ സമരം

എല്ലാ സംസ്ഥാനങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പതിനാല് ജില്ലകളിലും ജില്ലാ കേന്ദ്രങ്ങളിൽ പന്തൽ കെട്ടി കേരളവും ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണ്. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി നിലകൊള്ളേണ്ടുന്ന ഈ ഗവൺമെന്റ് ജനവിരുദ്ധ നിലപാടുകൾ ഒന്നൊന്നായി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് രാജ്യതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ, ഇന്ത്യാ രാജ്യത്തെ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ള ഉചിതമായ ഈ തീരുമാനത്തിന് എല്ലാ വിധത്തിലുമുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ പ്രമേയത്തിന് ഒരിക്കൽക്കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വലിയ ആവേശത്തോടുകൂടിയാണ് സഭയിലേയ്ക്ക് വന്നത്. കാരണം, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ഈ നയത്തിനെതിരെ രണ്ട് വർത്തമാനം പറയാമല്ലോ എന്ന ആവേശമായിരുന്നു എനിക്കുണ്ടായിരുന്നത്. ഇവിടെ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയം കൂടി കേട്ടപ്പോൾ ആവേശം ഇരട്ടിയായി. ബഹുമാനപ്പെട്ട

പ്രതിപക്ഷാംഗം കെ. സി. ജോസഫിന്റെ ഭേദഗതി കണ്ടപ്പോൾ ഇരട്ടിയായിരുന്ന ആവേശം നാലിരട്ടിയായി വർദ്ധിച്ചു. പക്ഷെ അവസാനം ശ്രീ. ഒ. രാജഗോപാലിന്റെ പ്രസംഗം കേട്ടപ്പോൾ പ്രശ്നമായി. അദ്ദേഹം പറഞ്ഞത്, ഇത് കർഷക വിരുദ്ധ നിയമമല്ല; കർഷകനെ വളർത്താനുള്ള നിയമമാണ് എന്നാണ്. ഈ നിയമത്തെ എതിർക്കുന്നവർ കോർപ്പറേറ്റുകളുടെ അച്ചാരം പറ്റുന്നവരാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. എന്റെ ദൈവം തമ്പുരാനേ, ഞാൻ ഇനി മുഖ്യമന്ത്രിയുടെ പ്രമേയത്തെ എങ്ങാനും അനുകൂലിച്ചാൽ ഞാനും അച്ചാരം പറ്റുന്നവരായി പോകുമോ എന്നൊരു ഭയം ഇപ്പോൾ എനിക്കുണ്ട്. ഏതായാലും ഈ രീതിയിലൊക്കെ സഭയിൽ ചർച്ച വരുന്നത് ശരിയാണോ? ഇന്ത്യാ മഹാരാജ്യത്ത് എൺപത്തിമൂന്ന് ശതമാനം വരുന്ന പാവപ്പെട്ട കർഷകരുടെ തലയ്ക്കടിക്കുക മാത്രമല്ല അവരെ കൊന്നുതിന്നുന്നതിന് തുല്യമായ ഒരു നിയമം കൊണ്ടുവന്നിട്ട് ഇതെല്ലാം വളരെ ശരിയാണ് ഒരു കുഴപ്പവുമില്ല എന്നുപറയുന്നത് ഉളുപ്പില്ലാത്ത സ്വഭാവം എന്നല്ലാതെ അതിനെപ്പറ്റി മറ്റെന്താണ് പറയാൻ സാധിക്കുന്നത്? കർഷകനെ സംബന്ധിച്ചിടത്തോളം ഇത്രത്തോളം മാരകമായ ഒരു നിയമം ഇന്ത്യയിൽ

ഇന്നുവരെ ഉണ്ടായിട്ടില്ല. ആ സത്യം ഉൾക്കൊള്ളുണ്ടേ? ഇവിടെ സഭയിൽ മറ്റാരും ചർച്ച ചെയ്യാത്ത ഒരു കാര്യമുണ്ട്, ലോകത്ത് ക്രൂഡ് ഓയിലിന്റെ വില താഴോട്ടുപോകുകയാണ്. ഇന്ത്യയിൽ എത്ര പ്രാവശ്യമായി പെട്രോളിന്റെ വില വർദ്ധിച്ചിരിക്കുന്നു. നീതിയുണ്ടോ ഇവർക്ക്? എന്തുകൊണ്ട് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഈ വിഷയത്തിൽ മിണ്ടുന്നില്ല? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എനിക്ക് അക്കാര്യത്തിൽ തർക്കമുണ്ട്. പെട്രോളിന്റെ വില വർദ്ധിക്കുമ്പോൾ എന്താണ് പ്രശ്നം? സംസ്ഥാന ഗവൺമെന്റിന് ഇത്തിരി നക്കാപ്പിച്ച കിട്ടും. ആ നക്കാപ്പിച്ചയ്ക്ക് വേണ്ടിയല്ലേ നിങ്ങൾ മിണ്ടാതിരിക്കുന്നത്? പെട്രോളിന്റെ വില വർദ്ധനയ്ക്കെതിരെ ശബ്ദിക്കാനുള്ള ബാധ്യതയില്ലേ നമുക്ക്? പെട്രോൾ ഉപയോഗിക്കുന്നത് ആരാണ്; വണ്ടിയിൽ യാത്ര ചെയ്യുന്നത് മുതലാളിമാരാണോ? അപ്പോൾ ഈ നികുതിഭാരങ്ങളെല്ലാം പാവപ്പെട്ടവരുടെ തലയിലേയ്ക്ക് തന്നെയാണ് അടിച്ചേൽപ്പിക്കുന്നത്. അതുപോലെതന്നെ പാചകവാതകത്തിന്റെ കാര്യം, ഇന്ന് വിറക് എവിടെയെങ്കിലും കിട്ടാനുണ്ടോ. പാചകവാതകമാണ് എല്ലാ കുടുംബങ്ങളും ഉപയോഗിക്കുന്നത്. ദിനംപ്രതി വില വർദ്ധിക്കുകയല്ലേ? ആരും

ചോദിക്കാനും പറയാനുമില്ല. എന്തൊരു കഷ്ടകാലമാണിത്. ഇതൊക്കെ ചൂണ്ടിക്കാണിക്കാതിരിക്കാൻ സാധിക്കുമോ? നമ്മൾ പരിശോധിക്കേണ്ട മറ്റൊരു കാര്യമുണ്ട്, മോദി സർക്കാർ അധികാരത്തിലേറി ഇത്രകാലമായിട്ട് ലോകത്തിലെ ശതകോടീശ്വരന്മാരുടെ ലിസ്റ്റ് വന്നപ്പോൾ ഒന്ന് വായിക്കണം. ശതകോടീശ്വരന്മാരിൽ പത്താം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യാക്കാരനായ അദാനി ഇപ്പോൾ രണ്ടാം സ്ഥാനത്ത് എത്തിയെങ്കിൽ കോർപ്പറേറ്റുകളുടെ കടന്നുകയറ്റം ഈ രാജ്യത്തെ പാവങ്ങളുടെമേൽ എത്രമാത്രം ശക്തിമത്താണെന്ന് മനസ്സിലാക്കാനുള്ള ബാദ്ധ്യത നമ്മൾ ഏറ്റെടുക്കണ്ടേ? പത്താം സ്ഥാനത്ത് കിടന്ന അദാനി രണ്ടാം സ്ഥാനത്ത് വന്നത് നിസ്സാര കാര്യമാണോ? മദ്ധ്യതിരുവിതാംകൂറിൽ നിന്നാണ് ഞാൻ വരുന്നത്. ഇന്ന് പാവപ്പെട്ട റബ്ബർ കൃഷിക്കാരുടെ അവസ്ഥയെന്താണ്? അവർക്കുവേണ്ടി ഇന്ന് ആരും സംസാരിക്കാനില്ല. എന്തുപറ്റി? നേരത്തെ പലരും റബ്ബർ കൃഷിയെപ്പറ്റി സംസാരിക്കുമായിരുന്നു. ഇടതുപക്ഷക്കാരനും റബ്ബർ കൃഷിയെപ്പറ്റി അനുഭാവത്തോടുകൂടി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ ഇന്ന് ആ വിഷയം സംസാരിക്കാൻ ആരെയും കണ്ടില്ല. ഇന്ന് എവിടെപ്പോയി? ....

(ബഹളം)...അങ്ങ് ചുമ്മാതെ 250 രൂപ എന്ന് പറഞ്ഞാൽ പറ്റുമോ? ന്യായമായ വില പറയേണ്ടേ? 200 രൂപയൊക്കെ പറയൂ. ...(ബഹളം)...

മി. സ്പീക്കർ: യെസ്.. യെസ്..

ശ്രീ. പി. സി. ജോർജ്: ഞാൻ പറഞ്ഞുവന്നത്, റബ്ബർ കൃഷിക്കാരന്റെ ഗതി ഇന്ന് എന്താണ്? അഞ്ച് ഏക്കർ വരുന്ന രണ്ട് തോട്ടങ്ങൾ ഞാൻ പ്രത്യേകമായി പരിശോധിച്ചതാണ്. അവിടത്തെ തൊഴിലാളിയോട് ഒരു വർഷത്തെ കണക്കെടുക്കാൻ പറഞ്ഞു. ആകെ 60,000 രൂപയാണ് വരുമാനം. അതിൽ അടുത്ത ഒരേക്കറിൽനിന്നും 12,000 രൂപ ലഭിക്കും. ഒരു കൃഷിക്കാരൻ എങ്ങനെ ജീവിക്കും. ഞാൻ ചോദിക്കട്ടെ, ഒരു എൽ.ഡി.ക്ലാർക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ 25,000/- രൂപ ഒരു മാസം ശമ്പളം ലഭിക്കില്ലേ. അവർക്ക് ശമ്പളം കൂടിപ്പോയി എന്നുപറഞ്ഞ് ഞാൻ കുറ്റപ്പെടുത്തുകയല്ല. പക്ഷെ ആ 25,000/- രൂപ ഒരു റബ്ബർ കർഷകന് ലഭിക്കണമെങ്കിൽ എത്ര ഏക്കർ കൃഷി നടത്തണം. ഇരുപത്തഞ്ച് ഏക്കർ റബ്ബർ കൃഷി ചെയ്താൽ ലഭിക്കുന്ന തുകയാണ് ഒരു എൽ.ഡി.ക്ലാർക്കിന് ഇന്ന് ലഭിക്കുന്നത്. ഇത് നമുക്ക് കണ്ടില്ലെന്ന് നടിച്ച് പോകാൻ സാധിക്കില്ല. അവർക്ക് ശമ്പളം വർദ്ധിപ്പിക്കണ്ട, പക്ഷെ റബ്ബർ

കൃഷിക്കാരന് രക്ഷപ്പെടാനുള്ള മാർഗ്ഗം ആലോചിക്കണ്ടേ. 200 രൂപ താങ്ങുവില കൊടുക്കുന്നതിന് എന്താണ് ഇത്ര വിഷമം. ഇവിടെ താങ്ങുവിലയെപ്പറ്റി നിങ്ങളെല്ലാവരും വാതോരാതെ സംസാരിച്ചതുകൊണ്ട് ഒരു റബ്ബർ കൃഷിക്കാരൻ എന്ന നിലയിൽ ചോദിക്കുകയാണ്. അവർക്ക് 200 രൂപ താങ്ങുവിലയായി മാറ്റികൊടുക്കാനുള്ള സന്മനസ്സ് കാണിച്ചാൽ നിങ്ങൾക്ക് എന്താണ് കുഴപ്പം. നിങ്ങൾ പ്രസംഗിച്ചാൽ മാത്രം മതിയോ.

മി. സ്പീക്കർ: യെസ്.

ശ്രീ. പി. സി. ജോർജ്: ഞാൻ നിർത്താൻ പോകുകയാണ്. നിങ്ങൾ പ്രസംഗിക്കുന്നതിൽ സന്തോഷമുണ്ട്. ആ പ്രസംഗത്തോടൊപ്പം അല്പം പ്രവൃത്തി കൂടി മുന്നോട്ട് കാണിക്കണം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റി പരാതിയൊന്നുമില്ല. ഇവിടെ പലരും ഗവർണ്ണറെപ്പറ്റി പറഞ്ഞു. ആ ഗവർണ്ണർ കാണിച്ചത് ശുദ്ധ മര്യാദകേടാണ്. ഞാൻ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചു. ഞാൻ എന്റെ ആവേശംകൊണ്ട് വിളിച്ചതായിരിക്കാം. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, അങ്ങേയ്ക്ക് നിയമസഭ വിളിച്ചുചേർക്കാൻ ഗവർണ്ണറുടെ അനുവാദം വേണം, പക്ഷെ

എം.എൽ.എ.മാരെ വിളിച്ചുചേർക്കാൻ ഒരു ഗവർണ്ണറുടെയും അനുമതി ആവശ്യമില്ല, മുഖ്യമന്ത്രിക്ക് വിളിക്കാം. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ എം.എൽ.എ.മാരെ വിളിച്ചുകൂട്ടി അങ്ങ് ഈ പ്രമേയം പാസ്സാക്കണമെന്ന് പറഞ്ഞു. പക്ഷെ അദ്ദേഹം അല്പംകൂടി കടന്ന് ചിന്തിച്ചു. അക്കാര്യത്തിൽ എനിക്ക് അദ്ദേഹത്തോട് ബഹുമാനം മാത്രമേയുള്ളൂ. ഏതായാലും ഗവർണ്ണറുമായി ഒരു ഏറ്റുമുട്ടലുമില്ലാതെ വളരെ സുഗമമായി ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കാനുള്ള അവസരമുണ്ടാക്കിയ മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ മടിക്കുന്നില്ല. തീർച്ചയായും കേരളത്തിലെ ജനങ്ങളുടെ വികാരം പ്രകടിപ്പിക്കാനുള്ള ഒരവസരമാണിത്. ആ വികാരത്തോടൊപ്പം ഞാനും യോജിക്കുന്നു. ഈ പ്രമേയം ശക്തമായി ഞാൻ അനുകൂലിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന ഗൗരവമായ പ്രശ്നത്തിലാണ് ഈ പ്രമേയം നാം ചർച്ച ചെയ്യുന്നത്. സാധാരണ നിലയ്ക്ക് വ്യത്യസ്തതകളൊന്നുമില്ലാതെ നമ്മളെല്ലാവരും കൂട്ടായി... ഒരാൾക്ക് വ്യത്യസ്തതയുണ്ടാകും എന്നാലും കൂട്ടായി പാസ്സാക്കാൻ

കഴിയുന്ന ഒരു പ്രമേയമായിരുന്നു. പക്ഷെ ചില കാര്യങ്ങൾ ഇതിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത് പറയുകയുണ്ടായി. ഈ വിഷയത്തിൽ വേറെ വ്യത്യസ്തതകൾ അധികമില്ലാത്തതുകൊണ്ട് അനുബന്ധമായി ചേർത്തതിനെക്കുറിച്ചാണ് ഞാൻ ആദ്യം പറയുന്നത്. അതിൽ ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞത് ഗവർണ്ണർ ആദ്യഘട്ടത്തിൽ അനുമതി നിഷേധിച്ചപ്പോൾ അതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയില്ല, മന്ത്രിമാർ പോയി കാലുപിടിച്ച് അങ്ങനെ തീരുമാനത്തിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തതെന്നാണ്. ഇവിടെ ഒരു കാര്യം വ്യക്തമാണ്, ഗവർണ്ണർ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ സഹായം/ഉപദേശം പ്രകാരം പ്രവർത്തിക്കാൻ ബാധ്യസ്ഥനാണ്. ഗവർണ്ണർ എന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ ഉത്തരവാദിത്തം ഭരണഘടനാദത്തമായ കടമകളും ചുമതലകളും നിർവ്വഹിക്കാനാണ്. എല്ലാ പിന്തുണയും നൽകാൻ സർക്കാർ ബാധ്യസ്ഥവുമാണ്. ഇവിടെ ഗവർണ്ണർക്ക് വിവേചനാധികാരമുള്ളത് ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ്, എല്ലാ കാര്യങ്ങളിലും വിവേചനാധികാരമില്ല. നിയമസഭ വിളിച്ചുചേർക്കുന്ന കാര്യത്തിൽ അനുച്ഛേദം

174 പ്രകാരം ഭൂരിപക്ഷമുള്ള സർക്കാർ ശിപാർശ ചെയ്താൽ അവിടെ ഒരു വിവേചനാധികാരവും പ്രയോഗിക്കാൻ കഴിയുകയില്ല. ആദ്യഘട്ടത്തിൽ സഭ ചേരാനുള്ള ശിപാർശ അംഗീകരിക്കപ്പെടുമെന്ന് തന്നെയാണ് കണക്കാക്കിയിരുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് വേറൊരു സംശയമില്ലാത്തതുകൊണ്ട് മറ്റ് തരത്തിലുള്ള ഒരു നടപടികളിലേയ്ക്കും നമ്മൾ കടന്നില്ല. അവസാനമാണ് ഇതിന് അംഗീകാരമില്ലായെന്നത് വരുന്നത്. അംഗീകാരമില്ലായെന്ന് വന്നുകഴിഞ്ഞതിനുശേഷം നമുക്ക് നിയമസഭ വിളിച്ചുകൂട്ടാൻ പറ്റില്ല. അപ്പോൾ ഇവിടെ ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞതുപോലെ ചെറിയ അഭിപ്രായങ്ങൾ ഉയർന്നുവന്നു. എല്ലാവർക്കും ഒരേ അഭിപ്രായമാണല്ലോ; എം.എൽ.എ.-മാർ യോഗം ചേർന്ന് പ്രതിഷേധം രേഖപ്പെടുത്തിക്കൂടെയെന്നത്. ഏറ്റവും പ്രധാനം നിയമസഭയുടെ പ്രമേയം വരുന്നതാണല്ലോ; എം.എൽ.എ.-മാർ യോഗം ചേർന്നാൽ അത് യോഗം മാത്രമേ ആകുന്നുള്ളൂ, നിയമസഭ ആകുന്നില്ല. നിയമസഭയുടെതന്നെ യോഗം ചേർന്ന് പ്രതിഷേധം രേഖപ്പെടുത്തുന്ന നിലവേണം. ഗവർണ്ണർ സ്വീകരിച്ച ഈ നിലപാട് സാധാരണനിലയ്ക്ക് ശരിയല്ല എന്നുള്ളത് അദ്ദേഹത്തെ

അറിയിക്കുകയെന്നതാണ് ആദ്യം വേണ്ടത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് രാജ്യത്ത് ഒട്ടേറെ കോടതി വിധികളുണ്ട്. സുപ്രീം കോടതിയുടെ പ്രശസ്തമായ വിധികളെല്ലാം ഉദ്ധരിച്ചുകൊണ്ട് സർക്കാരിന്റെ നിലപാട് ഗവർണ്ണറെ അറിയിച്ചു. അതോടൊപ്പം നിയമസഭ ചേരാനുള്ള തീരുമാനം വീണ്ടും മന്ത്രിസഭയിലെടുത്തു. അതിനടിസ്ഥാനം, ഇത്തരം ഒരു യോഗം ചേരുക എന്നത് പ്രധാനമാണെന്നുള്ളത് തന്നെയാണ്. നമ്മുടെ അവകാശം ഹനിക്കപ്പെട്ടുകൂടായെന്നുള്ളതും അതിൽ പ്രധാനമാണ്. ഗവർണ്ണറെ രാജ് ഭവനിൽ പോയി കാണുന്നതിൽ സാധാരണഗതിയിൽ ഒരു അസാംഗത്യവുമില്ല. അദ്ദേഹം ആവശ്യപ്പെടുന്ന വിവരങ്ങൾ അദ്ദേഹത്തിന് നൽകുന്നത് ഭരണഘടനാ പ്രകാരമുള്ള കടമതന്നെയാണ്. നിലവിലുള്ള സ്ഥിതി അദ്ദേഹത്തെ ധരിപ്പിക്കുക, അദ്ദേഹവുമായി കാര്യങ്ങൾ ചർച്ച ചെയ്യുക എന്നത് ഒരു കാലുപിടിത്തമായി ചിത്രീകരിച്ചത് ശ്രീ. കെ. സി. ജോസഫ് ആയതുകൊണ്ട് ഭരണഘടനാ അവബോധത്തിന്റെ കുറവാണെന്ന് പറയാനും പറ്റില്ല; കാരണം അദ്ദേഹം ഇത്തരം കാര്യങ്ങളിലൊക്കെ നല്ല പരിജ്ഞാനമുള്ള ആളാണെന്നാണല്ലോ, അപ്പോൾ

എന്താണ് അങ്ങനെയൊരു നിലയെടുത്തതെന്ന് മനസ്സിലാകുന്നില്ല. ആ തരത്തിൽ കാണേണ്ടതില്ലായെന്നാണ് എനിക്ക് തോന്നുന്നത്. ഗവർണ്ണർ പദവിയെ ഇത്തരത്തിലാക്കിയതിന്റെ ചരിത്രത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. പോയാൽ പ്രധാന വിഷയത്തിൽനിന്ന് മാറി സഞ്ചരിക്കലാകും. ഇന്ന് അതല്ല പ്രധാനം. ഇന്ന് പ്രധാനം നമ്മുടെ കർഷക സമൂഹം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്ത് നമ്മുടെ പ്രമേയം പാസ്സാക്കുകയെന്നതാണ്. അതിൽനിന്ന് മാറി മറ്റ് അഭിപ്രായ വ്യത്യാസങ്ങളുടെ മേഖലകളിലേയ്ക്ക് കടക്കാൻ ഞാനിപ്പോൾ ഈ അവസരം ഉപയോഗിക്കുന്നില്ല. കർഷകർ നടത്തുന്ന സമരത്തിന് എല്ലാവിധ പിന്തുണയും നമ്മൾ എല്ലാവരും കൂടി ചേർന്നുകൊണ്ട് അറിയിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നിലപാടിനെതിരെയുള്ള നമ്മുടെ വികാരം പ്രകടിപ്പിക്കുകയുമാണ് വേണ്ടത്. കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നാം വിവിധ നടപടികൾ ഇവിടെ സ്വീകരിച്ചിട്ടുണ്ടെന്ന് കാണാൻ നമുക്ക് കഴിയും. കേരളത്തിന്റെ കാര്യമെടുത്താൽ...... അത് ഞാൻ പിന്നീട് പറയാം. ശ്രീ. കെ. സി. ജോസഫ് അദ്ദേഹത്തിന്റെ

ഭേദഗതിയായി അവതരിപ്പിച്ച കാര്യങ്ങളിൽ ഒന്നാമത്തെ ഭേദഗതിയിൽ ഒരു ഭാഗത്തിലെ 'ചില' എന്ന വാക്ക് ഒഴിവാക്കണമെന്നാണ്. അത് അദ്ദേഹത്തിന്റെ ആദ്യത്തെ ഭേദഗതിയിലെ പ്രധാനപ്പെട്ട ഒന്നാണ്. അത് സ്വീകരിക്കാം. 'ചില' എന്ന വാക്ക് ഒഴിവാക്കിയാലും അതിനകത്ത് യാതൊരു അർത്ഥ വ്യത്യാസവും വരുന്നില്ല. നിയമനിർമ്മാണങ്ങൾ അത് ബാധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽ വലിയ ആശങ്കയും സംശയവും ജനിപ്പിക്കുമ്പോൾ നിയമനിർമ്മാണ സഭകൾക്ക് അത് ഗൗരവമായി പരിഗണിക്കാൻ ബാധ്യതയുണ്ട്. അപ്പോൾ 'ചില' എന്ന വാക്ക് ഒഴിവാക്കുകയെന്നത് സ്വീകരിക്കാവുന്നതാണ്. അതേ കാര്യത്തിൽതന്നെ അദ്ദേഹം ഉന്നയിച്ച മറ്റൊരു കാര്യം, "പ്രത്യേകിച്ചും നിയമനിർമ്മാണ സഭകളിൽ വേണ്ടത്ര ചർച്ച നടത്തുവാൻ അവസരം നിഷേധിച്ചും സഭാ നടപടിചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിശോധനയ്ക്ക് അയയ്ക്കാതെയും പാസ്സാക്കിയ വിവാദമായ കാർഷിക നിയമങ്ങൾ റദ്ദുചെയ്യണമെന്ന കർഷകരുടെ ആവശ്യം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് ബാദ്ധ്യസ്ഥമാണെന്ന് ഈ സഭ കരുതുന്നു." എന്നാണ്. അത്

തന്നെയാണ് മറ്റൊരു രീതിയിൽ, അതിന്റെ എല്ലാ സ്പിരിറ്റും ഉൾക്കൊള്ളുന്ന രീതിയിൽ ഒരു ഭാഗം ഈ പ്രമേയത്തിൽ നമുക്ക് കാണാൻ കഴിയും. ഇതിനെല്ലാമുപരി കൃഷി, ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ (ലിസ്റ്റ് - II) ഇനം 14 ആയും Market and Fairs ഇനം 28 ആയും ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ്. സംസ്ഥാനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ അന്തർ സംസ്ഥാന കൗൺസിൽ യോഗം വിളിച്ചുകൂട്ടി വിശദമായ കൂടിയാലോചനകൾക്ക് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കുപോലും അയയ്ക്കാതെ തിരക്കിട്ടാണ് ഈ സുപ്രധാന നിയമങ്ങൾ പാസ്സാക്കിയതെന്നത് ഗൗരവമായ പ്രശ്നമാണ്. അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭേദഗതിയായി പറഞ്ഞത്, "സാധാരണ കൃഷിക്കാരുടെ ആശ്രയമായ പരമ്പരാഗത ഗ്രാമചന്ത (മണ്ഡി) സംവിധാനത്തെ തകർത്ത്...." എന്ന ഭാഗം മറ്റൊരു രീതിയിൽ ഈ പ്രമേയത്തിൽ പറയുന്നുണ്ട്. "കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കുമുന്നിൽ വളരെ ദുർബലമാകുമെന്നതാണ് ഇതിൽ ഉയരുന്ന

ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലില്ലായെന്ന് മാത്രവുമല്ല, കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷിയും കർഷകർക്കില്ല.

കാർഷിക ഉൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ തന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായ വിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലനിൽക്കേണ്ടത്. അതിനുപകരം കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരമാകെ കോർപ്പറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. കർഷകർക്ക് ന്യായ വില ലഭ്യമാക്കാനുള്ള ഉത്തരവാദിത്തത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒഴിഞ്ഞുപോകുകയും ചെയ്യുന്നു". അപ്പോൾ ആ ഭാഗങ്ങളൊക്കെ ഇതിനകത്ത് കൃത്യമായി വന്നിട്ടുണ്ട്. പിന്നീട് അദ്ദേഹം ഉന്നയിച്ച കാര്യം പ്രധാനമന്ത്രിയുടെ പേര് പ്രത്യേകമായി പറയണമെന്നുള്ളതാണ്. സാധാരണ നിലയ്ക്ക് കേന്ദ്ര ഗവൺമെന്റ് എന്ന് പറഞ്ഞാൽ പ്രധാനമന്ത്രി നേതൃത്വം കൊടുക്കുന്നതെന്ന് തന്നെയാണല്ലോ അർത്ഥം; അതിന് മറ്റൊരു അർത്ഥം ആർക്കും വ്യാഖ്യാനിക്കാൻ കഴിയില്ല.

കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് കൃത്യമായി ഇതിൽ പറയുന്നുണ്ട്. പ്രധാന മന്ത്രി എന്ന് നേരിട്ട് പറയേണ്ട കാര്യം വരുന്നില്ല. എല്ലാ ഭാഗവും ഈ പ്രമേയത്തിന്റെ ഭാഗമായി നാം ഉൾക്കൊള്ളിച്ചിരിക്കുകയാണ്.

ഇവിടെ നിയമനിർമ്മാണത്തിന്റെ കാര്യം പറഞ്ഞു. അതുമായി ബന്ധപ്പെട്ട പരിശോധനകൾ നടന്നതിനുശേഷം മാത്രമേ തീരുമാനിക്കാനാവൂ. ആ പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ നാം കാണേണ്ട വസ്തുത നമ്മുടെ സംസ്ഥാനത്തെ കാർഷികമേഖലയിൽ വലിയതോതിലുള്ള ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്. നെല്ല് സംഭരിക്കുന്ന കാര്യത്തിൽ മാത്രമല്ല, നെൽകൃഷിക്ക് റോയൽറ്റി നൽകുന്ന തീരുമാനം, അതിപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. ഹെക്ടറിന് 2000 രൂപ നിരക്കിലാണ് റോയൽറ്റി നൽകുന്നത്. പച്ചക്കറിക്ക് തറവില നിശ്ചയിച്ച സംസ്ഥാനമാണ് കേരളം. കേരളത്തിലാണ് ആദ്യമായി ഇത്തരത്തിൽ തറവില പ്രഖ്യാപിക്കുന്നത്. 16 ഇനം വിളകളായ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് തറ

വില നിശ്ചയിച്ചത്. 16 ഇനങ്ങളും കിലോയുടെ വിലയും: നേന്ത്രപ്പഴം - വയനാടൻ നേന്ത്രപ്പഴം 30-24, ഉരുളക്കിഴങ്ങ്-20, കാരറ്റ്-21, കപ്പ-12, വെണ്ട-20, കുമ്പളങ്ങ-9, പാവക്ക-30, തക്കാളി-8, കൈതച്ചക്ക-15, വെളുത്തുള്ളി-135, പടവലം-30, വെള്ളരി-8, കാബേജ്-11, ബീറ്റ്റൂട്ട്-21, ബീൻസ്-28, പയർ-34. ഇത് നല്ല രീതിയിൽ നാം കാർഷിക രംഗത്ത് ഇടപെടുന്നുവെന്നതിന്റെ നിദർശനമായിത്തന്നെയാണ് പൊതുവെ കണക്കാക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പംതന്നെ കൊറോണ എങ്ങനെയെല്ലാം നമ്മെ ബാധിക്കും എന്നുകണ്ടുകൊണ്ടാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിന്റെ ഭാഗമായി 'സുഭിക്ഷകേരളം പദ്ധതി' പ്രഖ്യാപിച്ചത്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ ജനപങ്കാളിത്തത്തോടെ നടപ്പാക്കിവരികയാണ്. 8900 ത്തോളം കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിക്കുന്നത്. നെൽക്കൃഷിയുടെ കാര്യമെടുത്താൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 36000 ഹെക്ടർ പുതുതായി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 232000 ഹെക്ടറിൽ നെൽക്കൃഷി നടത്തുന്നുണ്ട്. നമ്മുടെ രാജ്യത്ത് നെല്ലിന്റെ താങ്ങുവില ഏറ്റവും കൂടുതൽ

നൽകുന്ന സംസ്ഥാനമാണ് കേരളം. കിലോ ഗ്രാമിന് 27 രൂപ 48 പൈസ. ഇതിൽ 8 രൂപ 80 പൈസ സംസ്ഥാന സർക്കാർ കേന്ദ്രവിഹിതത്തിൽനിന്നും അധികമായി നൽകുന്നതാണ്. അതുപോലെതന്നെ 'കർഷകക്ഷേമനിധി ബോർഡ് ' രൂപീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ പെൻഷൻ അടുത്ത മാസം മുതൽ 600 രൂപയിൽനിന്നും 1,500 രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുകയാണ്. പച്ചക്കറി ഉൽപ്പാദനം 2015-16-ൽ 6.25 മെട്രിക്ക് ടൺ ആയിരുന്നത് 2019-20 ആയപ്പോൾ 15 ലക്ഷം മെട്രിക്ക് ടൺ ആയി വർദ്ധിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള മാറ്റം കേരളത്തിൽ വന്നിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ ശക്തമായ ഇടപെടൽ കാരണം അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെമ്പാടും പൊതുവിതരണ സമ്പ്രദായത്തെ ശാക്തീകരിക്കുകയല്ല, തളർത്തുകയാണ് ചെയ്യുന്നത്. അപ്പോൾ അതിൽനിന്നെല്ലാം വേറിട്ട് പൊതുവിതരണ സമ്പ്രദായത്തെയും സഹകരണ മേഖലയിലെ ഇടപെടലുകളിലൂടെയും വില പിടിച്ചുനിർത്താനുള്ള നിർണ്ണായകമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ

നടത്തിക്കൊണ്ടിരിക്കുന്നത്. അട്ടപ്പാടിയിൽ നാം നടപ്പാക്കിയ മില്ലറ്റ് വില്ലേജ് പദ്ധതി, അതിലൂടെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ തനതുവിളകളായ ചെറുധാന്യങ്ങൾ, തുവര, പയറുവർഗ്ഗങ്ങൾ ഇവയുടെയെല്ലാം കൃഷി പുന:സ്ഥാപിച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ 27 ഇനം കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്താനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടെ ശ്രീ. ഒ. രാജഗോപാൽ സംസാരിക്കുമ്പോൾ, കാർഷികമേഖലയിൽ ഇടനിലക്കാർ കർഷകരെ വഞ്ചിക്കുന്നു എന്ന കാര്യമാണ് പറഞ്ഞത്. ഇതിനുള്ള പരിഹാരം വികേന്ദ്രീകൃതമായ സംഭരണ സംവിധാനമാണ്. അതല്ലാതെ കോർപ്പറേറ്റ് വൽക്കരണമല്ല, കോർപ്പറേറ്റ്വൽക്കരണമാണ് ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് ഇതിനുള്ള പരിഹാരമല്ല, കർഷകർ അവരുടെ ജീവൽപ്രശ്നങ്ങൾ മുൻനിർത്തിയാണ് സമരം ചെയ്യുന്നത്. അവരോട് നിരുപാധികം ചർച്ച ചെയ്യാനുള്ള ബാദ്ധ്യത സാധാരണഗതിയിൽ സർക്കാരിനുള്ളതാണ്. ജീവൽപ്രശ്നങ്ങൾ ഉയർത്തുന്നത് ഒരു നിബന്ധനയായി കാണാൻ കഴിയില്ല.  ഇക്കാര്യത്തിൽ മുൻവിധിയും നിബന്ധനകളും ആരുടെ ഭാഗത്തുനിന്നാണെന്ന് ഇതിനകം വ്യക്തമായി കഴിഞ്ഞതാണ്. സമരം

നിർത്തണമെന്ന നിബന്ധന വയ്ക്കാതെ കർഷകരുടെ ജീവൽപ്രശ്നങ്ങളെപ്പറ്റിയുള്ള ആശങ്കകൾ പരിഹരിക്കാൻ കേന്ദ്രസർക്കാർ മുന്നോട്ടുവരികയാണ് ഈ ഘട്ടത്തിൽ വേണ്ടത്. ഇന്ന് പത്രങ്ങളിൽ കാണുന്ന കാര്യങ്ങളനുസരിച്ച് കേന്ദ്ര സർക്കാർ കഴിഞ്ഞ ചർച്ചയിൽ ചില ഉറപ്പുകൾ നൽകിയതായി സൂചിപ്പിക്കുന്നുണ്ട്. വൈദ്യുതി സബ്സിഡിയുടെ കാര്യത്തിൽ, കർഷകരുടെ കാർഷികാവശിഷ്ടങ്ങൾ കത്തിച്ചാൽ പിഴ ഒടുക്കുന്ന വ്യവസ്ഥയിൽ, ഇതിലൊക്കെ ഭേദഗതി വരുത്താമെന്നാണ് നിയമം വന്നതായി കാണുന്നത്. പക്ഷേ കേന്ദ്ര പ്രശ്നം എന്താണ്; അത് നിയമം പിൻവലിക്കുകയെന്നുള്ളതാണ്, ഈ പറയുന്ന മൂന്നും പിൻവലിക്കണമെന്നിടത്താണ് പ്രക്ഷോഭകർ ഉറച്ചുനിൽക്കുന്നത്. അതാണ് രാജ്യത്തിന്റെ ആവശ്യം. അതുകൊണ്ടുതന്നെ കർഷകർ ഉന്നയിക്കുന്ന യഥാർത്ഥ ആശങ്കകൾ പരിഹരിക്കപ്പെട്ടിട്ടില്ല. അത് പരിഹരിക്കുന്ന വിധത്തിൽ കേന്ദ്ര സർക്കാർ തീരുമാനമെടുക്കുകയാണ് വേണ്ടത്. ഇതൊരു ദുരഭിമാന പ്രശ്നമായി കണക്കാക്കുകയല്ല വേണ്ടത്. രാജ്യത്തിന്റെ പൊതുവായ പിന്തുണയോടെ നടക്കുന്ന ഒരു പ്രക്ഷോഭം, ഇവിടെ അതിന്റെ എല്ലാ

പ്രശ്നങ്ങളും അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഞാൻ വീണ്ടും അത് ആവർത്തിക്കുന്നില്ല. രാജ്യത്തിന്റെ പൊതുവികാരം മനസ്സിലാക്കി കേന്ദ്ര ഗവൺമെന്റ് അത് ഉൾക്കൊള്ളാൻ സന്നദ്ധമായിക്കൊണ്ട് ഈ നിയമങ്ങൾ പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ് വേണ്ടത്. അത് നമുക്ക് ഒന്നിച്ച് ആവശ്യപ്പെടാം. ഒരേ സ്വരത്തിൽ ആവശ്യപ്പെടാം എന്നതാണ് എനിക്ക് ഈ ഘട്ടത്തിൽ പറയാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, പഞ്ചാബ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് മാതൃകയിൽ കേരളം ഒരു നിയമനിർമ്മാണം ആലോചിക്കുന്നുണ്ടോ; അതിനെക്കുറിച്ച് ക്യാബിനറ്റ് ആലോചിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി: നിയമം എന്ന് പറയുമ്പോൾ നിയമത്തിന്റേതായ പരിശോധനകൾ വേണം. ആ പരിശോധനകൾ നടക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഭേദഗതികളിൽ ഒരു ഭാഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ചു. മൂന്നാമത്തെ ഭേദഗതി

ഉത്തരേന്ത്യയിലെ അതിശൈത്യത്തെയും കോവിഡ്-19 വ്യാപന ഭീഷണിയെയും നേരിട്ടുകൊണ്ട് കർഷക സമരം ആരംഭിച്ച് 31 ദിവസം കഴിഞ്ഞിട്ടും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രധാനമന്ത്രിതന്നെ നേരിട്ട് കർഷക സംഘടനകളുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കാൻ ഇതുവരെ തയ്യാറാകാത്തതിൽ ഈ സഭ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഞാൻ പ്രധാനമന്ത്രിയുടെ പേര് പറഞ്ഞിട്ടില്ല. ഞാൻ പ്രൈം മിനിസ്റ്ററുടെ ഓഫീസ് എന്ന് പറഞ്ഞു. ഈ 31 ദിവസമായിട്ടും സമരം നടത്തുന്ന കർഷകരോട് സംസാരിക്കാൻ തയ്യാറാകാത്ത നടപടിയെ നമ്മൾ കാണാതെ പോകുന്നത് ശരിയല്ല. നമ്മൾ ആരെയും ഭയപ്പെടേണ്ട കാര്യമില്ല. ശക്തമായ ഭാഷയിൽ ഈ സഭ പ്രതിഷേധിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ എന്റെ പ്രമേയം പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഡിവിഷന് പോകരുത്, വോട്ടിന് ഇടരുത്. കാരണം ഈ പ്രമേയത്തോട് പൊതുവെ യോജിപ്പാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സർക്കാരിന് ഒന്നും ചെയ്യാൻ കഴിയില്ല. കാരണം എന്തെങ്കിലും ഭേദഗതി നിർബന്ധത്തോടെ വന്നതാണെങ്കിൽ അതിന്റെ വഴിക്ക് കാര്യങ്ങൾ നീങ്ങുക എന്നുള്ളത് മാത്രമേയുള്ളൂ. ഈ പറയുന്ന എല്ലാ സ്പിരിറ്റും പ്രമേയത്തിലുണ്ട്. ആ പ്രമേയം അതേരീതിയിൽ പാസ്സാക്കുകയെന്നുള്ളതാണ് ആവശ്യം.

<u>ശ്രീ. കെ.സി.ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ശബ്ദ വോട്ട് മതിയോ; ഓർഡർ....ഓർഡർ......പോൾ. ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച മൂന്നാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം ഭേദഗതി ചെയ്ത പ്രകാരം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

വളരെ ചരിത്രപ്രധാനമായ ഒരു സമ്മേളനമാണ് ഇവിടെ ചേർന്നത്. ഈ പ്രമേയം സഭയുടെ വികാരമായി പൊതുസമൂഹത്തിന് മുമ്പാകെ നമുക്ക് അവതരിപ്പിക്കാൻ സാധിക്കണം. ഈ സമ്മേളനത്തിൽ കൃത്യമായി പങ്കെടുത്ത മുഴുവൻ സാമാജികരെയും ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ അറിയിക്കുന്നു.